# 17

# വന്ദനങ്ങളും അഭിപ്രായങ്ങളും

## കൊലൊസ്യർ 4:10-18

"യുസ്തോസ് എന്നു വിളിച്ച ... യേശുവിനെ" ഒഴിച്ച് പൗലൊസിന്റെ സുവിശേഷ പ്രവർത്തനങ്ങളിൽ അവനോടൊപ്പമുണ്ടായിരുന്നവരുടെ ലിസ്റ്റ് 4:10-14 ലും, ഫിലെമോൻ 23, 24 ലും പറഞ്ഞിരിക്കുന്നു. പൗലൊസ് തന്റെ കൂടെ യുണ്ടായിരുന്ന ആളുകളുടെ നീണ്ട ലിസ്റ്റ് മറ്റു രണ്ടു ലേഖനങ്ങളിൽ കൂടെ നൽകുന്നു (റോമർ 16:1-23; 1 കൊ. 16:10-20). അവൻ വന്ദനം എഴുതി അയച്ച ആളുകളുടെ ലിസ്റ്റ് ആ ലേഖനങ്ങളിൽ പറയുന്നു, എന്നാൽ കൊലൊസ്യ ലേഖനത്തിൽ, തന്നോടുകൂടെ റോമിൽ ഉണ്ടായിരുന്നവരുടെ ലിസ്റ്റാണ് ഉള്ളത്. അവർ അവനെ ശുശ്രൂഷിച്ചവരും, മറ്റുള്ളവരും അവനും ചേർന്ന് അവരെ പഠിപ്പിച്ചതുമായിരുന്നു, ഒരുപക്ഷെ അവർ അവനോടൊപ്പം തടവിലായിരുന്നവരുമായിരുന്നേക്കാം. ലേഖനം എഴുതുമ്പോൾ അവർ പൗലൊസിനോടൊപ്പം ഉണ്ടായിരുന്നുവെങ്കിൽ, തീർച്ചയായും പൗലൊസ് അവരെ വന്ദനം അറിയിക്കുവാനായി താൽപര്യപ്പെട്ടിരിക്കും എന്ന കാര്യത്തിൽ സംശയമില്ല.

പൗലൊസിന്റെ ആറു സഹപ്രവർത്തകർ അവരുടെ പ്രത്യേക സ്നേഹ വന്ദനം അറിയിക്കുന്നുണ്ട്. ഇവിടെ തിമൊഥെയൊസിനെ ഉൾപ്പെടുത്തിയില്ല കാരണം 1:1-ൽ പൗലൊസിനൊപ്പം തിമൊഥെയൊസിന്റെ പേർ ചേർത്തു കഴിഞ്ഞിരുന്നു. വാക്യം 10 ൽ ബർന്നബാസിനേയും അവന്റെ മച്ചുനനായ മർക്കൊസിനെയും പറയുന്നു.

പൗലൊസ് വന്ദനം അറിയിക്കുന്ന ആദ്യത്തെ മൂന്നു സഹോദരന്മാർ യെഹൂദ പശ്ചാത്തലമുള്ളവരായിരുന്നു ("പരിച്ഛേദനക്കാരിൽനിന്നു"; വാ. 11). യെഹൂദ ക്രിസ്ത്യാനികളായി അവർ മാത്രമെ പൗലൊസിനോട് കൂടെ പ്രവർത്തിച്ചിരുന്നുള്ളു. തന്റെ സഹപ്രവർത്തകരായി അടുത്തു പറഞ്ഞ മൂന്നു പേർ പരിച്ഛേദന ഏൽക്കാത്തവരായിരുന്നു; അതായത്, അവർ ജാതികളിൽനിന്നു ക്രിസ്ത്യാനികളായവരായിരുന്നു.

കർത്താവിനു വേണ്ടി യെഹൂദന്മാരായിരുന്നവരും ജാതികളായിരുന്നവരും ക്രിസ്ത്യാനികളായി തീർന്നതിനാൽ വ്യത്യസ്ത ദേശക്കാരായിരുന്നുവെങ്കിലും, അവർ ഒരുമിച്ച് പ്രവർത്തിക്കുന്നതായി പൗലൊസ് വെളിപ്പെടുത്തുകയാണ്. സുവിശേഷ പ്രചരണത്തിൽ യെഹൂദക്രിസ്ത്യാനികളോടൊപ്പം ജാതികളിൽനിന്നു ക്രിസ്ത്യാനികളായവരും പങ്കെടുത്തിരുന്നു എന്നു കൊലൊസ്യർ അറിയുവാനായിരിക്കാം, ഇത് വെളിപ്പെടുത്തിയത്.

കൊലൊസ്യ സഭയിലെ അധികം അംഗങ്ങളും പരിച്ഛേദന ഏൽക്കാത്തവരായിരുന്നു, അവരുടെ സ്വജാതിക്കാരും യേശുവിനെ സേവിക്കുന്നു എന്ന വസ്തുത അവർക്ക് പ്രചോദനം ആകുമായിരുന്നു. പൗലൊസ് യെഹൂദ ക്രിസ്ത്യാനികളോടൊപ്പം മാത്രമായിരുന്നില്ല. അവനോടുകൂടെ എല്ലാ ക്രിസ്ത്യാനികളും വേല ചെയ്യുന്നുണ്ടായിരുന്നു. അവർ ഒരുമിച്ച് "ദൈവരാജ്യത്തിനു വേണ്ടി" അദ്ധ്വാനിച്ചു (4:11).

കൊലൊസ്യ ലേഖനത്തിലും ഫിലെമോന്റെ ലേഖനത്തിലും പറഞ്ഞ

ക്രിസ്ത്യാനികളുടെ ലിസ്റ്റിലെ വ്യത്യാസങ്ങളേയും സമാനതകളെയും കുറിച്ച് ഡേവിഡ് എം. ഹേ ഇങ്ങനെ ചുണ്ടിക്കാട്ടി:

> കൊലൊ. 4 ലും ഫിലെ 23-24 ലും എപ്പഫ്രാസ്, മർക്കൊസ്, അരിസ്തർഹോസ്, ദേമാസ്, ലൂക്കൊസ് എന്നിവരുടെ വന്ദനം ഉൾപ്പെടുത്തിയിരിക്കുന്നു (അർഹിപ്പൊസിനെ ഫിലെമോൻ 2 ലും ഒനേസിമോസിനെ ഫിലെമോൻ 10 ലും പറഞ്ഞിരിക്കുന്നു). നേരെ മറിച്ച്, ഫിലെമോന്റെ ലേഖനത്തിൽ തിഹിക്കൊസിനേയും, യുസ്തോസ് എന്നു വിളിക്കുന്ന യേശുവിനേയും, അല്ലെങ്കിൽ നുംഫയെയും പറയുന്നില്ല; അതുപോലെ കൊലൊസ്യലേഖനത്തിൽ, ഫിലെമോനെയും അപ്പിയയെയും പറയുന്നില്ല.[1]

രണ്ടു ലേഖനങ്ങളിലെയും പേരുകളുടെ ക്രമത്തിൽ വ്യത്യാസം ഉണ്ട്. വായനക്കാരുടെ കാഴ്ച്ചപ്പാട് അനുസരിച്ചോ, തന്റെ കാഴ്ച്ചപ്പാട് അനുസരിച്ചോ അവരുടെ പ്രാധാന്യമനുസരിച്ച് ക്രമപ്പെടുത്തുവാൻ പൗലൊസിന് കഴിയുമായിരുന്നു. ഫിലെമോൻ 23, 24 ൽ അവർ പറയുന്ന ലിസ്റ്റ് ഇങ്ങനെയാണ്: എപ്പഫ്രാസ്, മർക്കൊസ്, അരിസ്തർഹൊസ്, ദേമാസ്, ലൂക്കൊസ്. കൊലൊസ്യർ 4:10-14 ൽ പറയുന്നത് അരിസ്തർ-ഹൊസ്, യുസ്തോസ് യേശു, എപ്പഫ്രാസ്, ലൂക്കൊസ്, തിഹിക്കൊസ്, ദേമാസ്, ഒനേസിമോസ്.

## സഹപ്രവർത്തകരിൽനിന്നുള്ള വന്ദനങ്ങൾ (4:10-14)

**10എന്റെ സഹബദ്ധനായ അരിസ്തർഹൊസും, ബർന്നബാസിന്റെ മച്ചുനനായ മർക്കൊസും അവനെ കുറിച്ച് നിങ്ങൾക്ക് കൽപന കിട്ടിയിട്ടുണ്ടല്ലോ. അവൻ നിങ്ങളുടെ അടുക്കൽ വന്നാൽ അവനെ കൈക്കൊൾവിൻ-11യുസ്തോസ് എന്നു പറയുന്ന യേശുവും, നിങ്ങളെ വന്ദനം ചെയ്യുന്നു; പരിച്ഛേദനക്കാരിൽ ഇവർ മാത്രം ദൈവരാജ്യത്തിന്നു കൂട്ടുവേലക്കാരായിട്ടു എനിക്ക് ആശ്വാസമായി തീർന്നു. 12നിങ്ങളിൽ ഒരുത്തനായി യേശുക്രിസ്തുവിന്റെ ദാസനായ എപ്പഫ്രാസ് നിങ്ങളെ വന്ദനം ചെയ്യുന്നു; നിങ്ങൾ തികഞ്ഞവരും ദൈവഹിതം സംബന്ധിച്ചൊക്കെയും പൂർണ്ണനിശ്ചയം ഉള്ളവരായി നിൽക്കേണ്ടതിന്നു അവൻ പ്രാർത്ഥനയിൽ നിങ്ങൾക്ക് വേണ്ടി എപ്പോഴും പോരാടുന്നു. 13നിങ്ങൾക്കും ലവുദിക്യക്കാർക്കും ഹിയരപ്പൊലിക്കാർക്കും വേണ്ടി അവൻ വളരെ പ്രയാസപ്പെടുന്നു എന്നുള്ളതിന്നു ഞാൻ സാക്ഷി. 14വൈദ്യനായ പ്രിയ ലൂക്കൊസും നിങ്ങളെ വന്ദനം ചെയ്യുന്നു.**

### "എന്റെ സഹ ബദ്ധനായ അരിസ്തർഹൊസും നിങ്ങളെ വന്ദനം ചെയ്യുന്നു" (4:10)

മക്കെദൊന്യയിലെ തെസലൊനിക്യക്കാരനായിരുന്ന **അരിസ്തർഹൊസ്** എന്ന പേരിന്റെ അക്ഷരികമായ അർത്ഥം, "നല്ല ഭരണാധികാരി" എന്നാണ്.പൗലൊസിന്റെ മൂന്നാമത്തെ മിഷ്ണറി യാത്രയിൽ അവൻ പൗലൊസിനൊപ്പം ഉണ്ടായിരുന്നു. വന്ദനം അറിയിക്കുന്നവരുടെ പേരുകളിൽ ആദ്യം അവന്റെ പേർ പറയുന്നതിനാൽ, അവനോടുള്ള പൗലൊസിന്റെ ബഹുമാനം വ്യക്ത

മാക്കുന്നു. ആദ്യം പൗലൊസിനെ കണ്ടുമുട്ടിയതുമുതൽ അവൻ പൗലൊസിനോട് നല്ല ബന്ധം പുലർത്തിയിരുന്നതുകൊണ്ടാകാം പൗലൊസിനൊപ്പം ലൂക്കൊസും അവനും ഒരുപക്ഷെ റോമിലേക്കുള്ള കപ്പൽ യാത്രയിൽ പങ്ക് ചേർന്നത് (പ്രവൃ. 27:2).

എന്റെ **സഹ ബദ്ധൻ** (*സുനായിക്മാലോടോസ് മൗ*) എന്ന പ്രയോഗം, അക്ഷരികമായി തർജിമ ചെയ്താൽ, അരിസ്തർഹൊസ്, "യുദ്ധത്തിൽ പൗലൊസിന്റെ സഹ തടവുകാരൻ'' ആയിരുന്നു എന്നാണ്. റോമർ 16:7 ൽ പൗലൊസിന്റെ ചാർച്ചക്കാരായ അന്ത്രൊനിക്കൊസിനേയും യൂനിയാവിനേയും കുറിച്ചു പറയുമ്പോഴും ഇതേ പ്രയോഗം നടത്തിയിരിക്കുന്നു. ഫിലെമൊന്റെ ലേഖനത്തിൽ എപ്പഫ്രാസിനെ ഇങ്ങനെ പറയുന്നു, പക്ഷെ അരിസ്റ്റർഹൊസിനെ അങ്ങനെ പറയുന്നുമില്ല. കൊലൊസ്യലേഖനത്തിലെ ആ പ്രസ്താവന അന്തർലീനമാക്കുന്നത്, അരിസ്തർഹൊസ് പൗലൊസിനോപ്പം തടവിലായിരുന്നു എന്നാണ്, കാരണം, സുവിശേഷം പ്രസംഗിച്ചു എന്നതായിരുന്നു. യേശുവിനു വേണ്ടി ആത്മിയ പ്രവാസത്തിലാകുകയോ, തടവിലാകുകയോ ചെയ്യുന്നതിനെ ആലങ്കാരികമായി പൗലൊസിന് അങ്ങനെ പറയുവാൻ കഴിയുമായിരുന്നു. "ബദ്ധൻ" എന്നത് അക്ഷരികമായി എടുക്കാവുന്നതാണ്. അവൻ യേശുവിനു വേണ്ടി പോരാടിയതിനാൽ പൗലൊസ് തന്നെ ഒരു പടയാളിയായിട്ടാണ് ചിത്രീകരിച്ചത്. ക്രിസ്തുവിനുവേണ്ടിയുള്ള പോരാട്ടത്തിൽ പൗലൊസിനോട് ചേർന്നു പ്രവർത്തിച്ചവനായിട്ടാണ് അരിസ്തർ-ഹൊസിനെ പറഞ്ഞിരിക്കുന്നത്.

അരിസ്തർഹൊസിനെ ആദ്യമായി പറഞ്ഞത് പ്രവൃത്തികളുടെ പുസ്തകത്തിലാണ്. പൗലൊസിനെതിരായി ഒരു വിപ്ലവം പൊട്ടി പുറപ്പെട്ടപ്പോൾ, അവൻ എഫെസൊസിലായിരുന്നു. പുരുഷാരം അവനെയും ഗായൊസിനേയും പിടിച്ച് രംഗസ്ഥലത്തേക്ക് കൊണ്ടുപോയി (19:29).

മക്കെദോന്യ വഴി പോയ പൗലൊസിനെ അകമ്പടി സേവിച്ച് അവനു മുൻപായി ത്രോവാസിലെത്തി പൗലൊസിനു വേണ്ടി അവിടെ കാത്തിരുന്നു (20:4, 5). അവിടെ നിന്നു അവനും സുക്കെന്തൊസും പൗലൊസിന്റെ അകമ്പടിസേവകരായി പോയി, അപ്പോഴായിരുന്നു പൗലൊസ് യെരുശലേമിലെ സഹോദരന്മാരുടെ ഉതവിക്കായി ധർമ്മശേഖരം നടത്തിയത് (24:17 നോക്കുക). രണ്ട് വർഷത്തിനു ശേഷം (24:27), അവനും ലൂക്കൊസും പൗലൊസിനോടൊപ്പം കൈസര്യയിൽനിന്നു റോമയിലേക്ക് കപ്പൽ കയറി, അവിടെ അവൻ തടവിലുമായി (27:1, 2). അവൻ അവിടെ ഒന്നുകിൽ പൗലൊസിനോടുകൂടെ തടവിലായിരിക്കുകയോ, അല്ലെങ്കിൽ പൗലൊസിന്റെ ശുശ്രൂഷകനായിരിക്കുകയോ ചെയ്തിരിക്കാം. മുറയിൽനിന്നു അവൻ തന്റെ തെസലൊനിക്യയിലുള്ള വീട്ടിലേക്ക് തിരിച്ചു പോയി എന്നു ചിലർ കരുതുന്നു, അവിടെ വെച്ചായിരുന്നു പൗലൊസും ലൂക്കൊസും കപ്പൽ മാറി കയറിയത് (27:5, 6). പൗലൊസ് കൊലൊസ്യർക്ക് ലേഖനം എഴുതുമ്പോൾ, അവൻ പൗലൊസിനോടുകൂടെ ഉണ്ടായിരുന്നതിനാൽ, അത് സംശയാസ്പദമാണ്.

**"ബർന്നബാസിന്റെ മച്ചുനനായ മർക്കൊസും**
**(അവനെ കുറിച്ചു നിങ്ങൾക്ക് കൽപന കിട്ടിട്ടുണ്ടല്ലൊ;**
**അവൻ നിങ്ങളുടെ അടുക്കൽ വന്നാൽ, കൈക്കൊൾവിൻ)" (4:10)**

പൗലൊസിനെ പോലെ (പ്രവൃ. 13:9), **മർക്കൊസിനും** രണ്ട് പേ

രുണ്ടായിരുന്നു (പ്രവൃ. 12:25). അവന്റെ എബ്രായ പേർ യോഹന്നാൻ എന്നായിരുന്നു-അക്ഷരികമായി, "ദൈവം കരുണയുള്ളവൻ"-ഗ്രീക്ക് പേർ "മർക്കൊസ്" എന്നായിരുന്നു, അർത്ഥം "ഒരു വലിയ ചുറ്റിക." പൗലൊസ് അവന്റെ ഗ്രീക്ക് പേരായിരുന്നു ഉപയോഗിച്ചിരുന്നത് (കൊലൊ. 4:10; 2 തിമൊ. 4:11; ഫിലെ. 24), പത്രൊസിനും അതേ പോലെ രണ്ട് പേരുണ്ടായിരുന്നു (1 പത്രൊ. 5:13). അരിസ്തർഹൊസിനൊപ്പം മർക്കൊസും വന്ദനം അറിയിച്ചിരുന്നു.

ലൂക്കൊസ് മർക്കൊസിനെ "മർക്കൊസ് എന്നു വിളിക്കുന്ന യോഹന്നാൻ" എന്നാണ് പരിചയപ്പെടുത്തിയത് (പ്രവൃ. 12:12, 25; 15:37 നോക്കുക). പിന്നീട് അവനെ "യോഹന്നാൻ" എന്നു മാത്രമാണ് വിളിച്ചത് (13:5, 13). യെരുശലേമിലെ ക്രിസ്ത്യാനികൾ അവന്റെ അമ്മ മറിയയുടെ വീട്ടിലായിരുന്നു കൂടി വന്നത്, പത്രൊസ് തടവിലായിരുന്നപ്പോൾ, അവിടെ വെച്ചായിരുന്നു അവർ അവന്നായി പ്രാർത്ഥിച്ചത്. തടവിൽനിന്ന് മോചിതനായപ്പോൾ പത്രൊസ് നേരെ പോയത് സൂചിപ്പിക്കുന്നത്, അത് ക്രിസ്ത്യാനികൾ കൂടി വരുന്നതായി അറിയപ്പെട്ട സ്ഥലമായിരുന്നു എന്നാണ് (പ്രവൃ. 12:12). മർക്കൊസിന്റെ അപ്പനെ കുറിച്ച് ഒന്നും പറയുന്നില്ല.

പൗലൊസിനോടും തന്റെ **മച്ചുനനായ** ബർന്നബാസിനോടും കൂടെയായിരുന്നു മർക്കൊസ് തന്റെ ഒന്നാമത്തെ മിഷ്ണറി യാത്ര തുടങ്ങിയത്. അവൻ അവരോടുകൂടെ സലാമിസിലേക്കും, കുപ്രൊസ് ദ്വീപിലെ പാഫോസിലേക്കും, പിന്നെ പംഫുല്യയിലെ പെർഗയിലേക്കും (പ്രവൃ. 13:13), കരമാർഗം, യെരുശലേമിലേക്കും മടങ്ങി പോയി (പ്രവൃ. 13:5-13).

മർക്കൊസ് സുവിശേഷ പ്രവർത്തനം വിട്ട് പോയത് എന്തിനാണെന്ന് ആർക്കും തീർച്ചയില്ല. പക്ഷെ വിവിധ കാരണങ്ങൾ പറയപ്പെട്ടിട്ടുണ്ട്. ബർന്നബാസിനെ തഴഞ്ഞ് പൗലൊസ് മുഖ്യ പ്രാസംഗികനായി നേതൃത്വത്തിലേക്ക് വന്നതിനാലുള്ള അസൂയ നിമിത്തമായിരുന്നോ? പൗലൊസിന്റെ രോഗം (ഗലാ. 4:13-15) അവനെ ബാധിക്കുമോ എന്ന ഭയം അവനെ പിടികൂടിയോ? 2 കൊരിന്ത്യർ 11:24-27 ൽ പൗലൊസിനു അനുഭവപ്പെട്ട പല അപകടങ്ങളും, തനിക്കു നേരിടേണ്ടി വരുമെന്ന ഭയം അവനെ അലട്ടിയോ, പ്രത്യേകിച്ച് ഒരു യുവാവായ അവന് വീട്ടിൽ നിന്നു മാറി നിന്നപ്പോൾ ഭീഷണി ഭയമായിരുന്നോ? അതോ അവൻ വിചാരിച്ചതുപോലെ പ്രവർത്തനം അത്ര വിജയകരമല്ലായിരുന്നോ? അവൻ വീട്ടിലേക്ക് മടങ്ങി പോകുവാൻ അവയെല്ലാം കാരണമായിരുന്നേക്കാം. എന്നാൽ ആദ്യം പറഞ്ഞതിനു സാധ്യത കുറവായിരുന്നു.

മർക്കൊസ് പെട്ടെന്ന് പ്രവർത്തനം വിട്ടുപോയതിനാൽ, അവൻ അടുത്ത യാത്രക്ക് തയ്യാറായിരിക്കുകയില്ല എന്നു പൗലൊസ് വിചാരിച്ചു കാണും. തൽഫലമായി കുപ്രൊസുകാരനായ ബർന്നബാസും പൗലൊസും തമ്മിൽ ഉഗ്രവാദമുണ്ടായി (പ്രവൃ. 4:36), എന്നാൽ ബർന്നബാസ് തന്റെ മച്ചുനനായ മർക്കൊസുമായി ചേർന്നു സ്വദേശത്തേക്ക് സുവിശേഷപ്രവർത്തനത്തിനായി പോയി (പ്രവൃ. 15:39). യുവാവായിരുന്ന മർക്കൊസിനോട് പൗലൊസിനു വിരോധമൊന്നും ഉണ്ടായിരുന്നില്ല, പക്ഷെ അവന് സ്ഥിരത കൈവരിക്കുവാനുള്ള പക്വതയിലേക്ക് അവൻ വളരണമെന്ന് പൗലൊസ് ആഗ്രഹിച്ചിരിക്കാം. അത് മനസിലാക്കി ബർന്നബാസ് മർക്കൊസിനെ പ്രോൽസാഹിപ്പിച്ച് പക്വതയുള്ള ക്രിസ്തുവിന്റെ ദാസനാക്കി മാറ്റുവാൻ ശ്രമിച്ചു. അങ്ങനെയായിരുന്നു എങ്കിൽ ബർന്നബാസിന്റെ പരിശ്രമം തീർച്ചയായും വിലയുള്ളതായിരുന്നു. യാതൊരു

പരിചയപ്പെടുത്തലും കൂടാതെ ബർന്നബാസിനെ പറയുമ്പോൾ കൊലൊസ്യ യിലുള്ളവർക്ക് മർക്കൊസിനെ അറിയാവുന്നതിനേക്കാൾ നന്നായി അവനെ അറിയാം എന്നു വ്യക്തം. അങ്ങനെയെങ്കിൽ ആ ഇടവക മർക്കൊസിനെ യാതൊരു മടിയും കൂടാതെ സ്വീകരിക്കും കാരണം "ബർന്നബാസിന്റെ മച്ചു നനാണല്ലോ മർക്കൊസ്."

മർക്കൊസിനെ കുറിച്ച് പൗലൊസിന്റെ മനസിൽ എന്തായിരുന്നുവെന്ന് ആധുനിക വായനക്കാർക്ക് കൂടുതൽ വിശദീകരണം ആവശ്യമാണെങ്കിലും, ലേഖനം എത്തിക്കുന്നവർക്കും വായിച്ച് കേൾക്കുന്നവർക്കും തീർച്ചയായും മനസിലാകുന്ന പ്രസ്താവനയായിരുന്നു **അവനെ കുറിച്ച് നിങ്ങൾക്ക് കൽപന കിട്ടിയിട്ടുണ്ടല്ലോ** എന്നത്. പൗലൊസ് മർക്കൊസിനെ കുറിച്ച് മുൻപ് അവർക്ക് എഴുതിയിട്ടുള്ളതിനാൽ ആവർത്തിക്കേണ്ട ആവശ്യമില്ല. അവനെ താമസി പ്പിക്കുന്നതിനും, അവന് സഭ കൊടുക്കേണ്ട നിർദ്ദേശങ്ങളും അവൻ മുൻപ് കൊടുത്തിരിക്കാം.

മർക്കൊസിനെ **കൈക്കൊൾവിൻ** (*ഡെക്കോമായി*) എന്നാണ് പൗലൊസ് പറഞ്ഞത്. ഒരു സന്ദർശകനെ അല്ലെങ്കിൽ അതിഥിയെ എങ്ങനെ സൽക്കരിക്ക ണമെന്ന് കാണിക്കുന്നതാണ് ആ വാക്ക്.[2] ശുപാർശാ കത്തുകൾ (2 കൊ. 3:1) സാധാരണ ഒരാളെ നന്നായി സ്വീകരിക്കുവാൻ കൊടുത്തയക്കുന്ന പതിവുണ്ട്. അപരിചിതനാണ് ചെല്ലുന്നതെങ്കിൽ അയാൾ ചെല്ലുന്നതിനു മുൻപ് അയാൾക്ക് താമസിക്കുവാനുള്ള സൗകര്യം മുതലായ ക്രമീകരണങ്ങൾ മുൻകൂട്ടി ഏർപ്പെ ടുത്തുന്നതിനു സഹായകരമായിരിക്കും.

പൗലൊസിന് മർക്കൊസിന്റെ യാത്രാവിവരണങ്ങൾ അറിയില്ലായിരിക്കാം, എന്നാൽ മർക്കൊസ് അവിടെ എത്തിയിട്ടുണ്ടെങ്കിൽ കൊലൊസ്യർക്ക് അവനെ സ്വീകരിപ്പാൻ പൗലൊസ് കൊടുത്ത നിർദ്ദേശങ്ങൾ പാലിച്ച് അവനെ അവർക്ക് സ്വീകരിക്കാമായിരുന്നു. പൗലൊസും ബർന്നബാസും തമ്മിൽ മർക്കൊസിനെ കുറിച്ചു തർക്കിച്ചത് ചിലരെങ്കിലും കേട്ടിരിക്കാം. തൽഫലമായി അവർ മർക്കൊ സിനെ സ്വീകരിക്കുമോ ഇല്ലയോ എന്നും നിശ്ചയമില്ലായിരുന്നു. അവനെ "കൈക്കൊൾവിൻ" എന്നാണ് പൗലൊസ് അറിയിച്ചത്. അവൻ പിന്നീട് പൗ ലൊസിന്റെ സഹപ്രവർത്തകനായി, പ്രയോജനവും ആദരവുമുള്ളവനായി തീർന്നതായി പറയുന്നുണ്ട്. 4:11-ൽ പൗലൊസ് പറയുന്നത് "അവർ എനിക്ക് കൂട്ടുവേലക്കാരായത് ആശ്വാസമായി തീർന്നു" എന്നാണ്. ഒരിക്കൽ പൗലൊസ് തള്ളിക്കളഞ്ഞ യുവാവ് ഇപ്പോൾ പൗലൊസിനു പ്രയോജനവും ആശ്വാസ വുമായി മാറി.

ഈ ലേഖനം എഴുതിയപ്പോഴേക്കും പൗലൊസും മർക്കൊസും തമ്മിലുള്ള പ്രശ്നങ്ങളെല്ലാം പരിഹരിച്ചിരുന്നു. റോമിൽ തടവിലായിരുന്ന പൗലൊസിനെ സന്ദർശിക്കുവാൻ മർക്കൊസ് പോയി, കൊലൊസ്യലേഖനവും ഫിലെമോന്റെ ലേഖനവും പൗലൊസ് എഴുതിയപ്പോൾ അവൻ കൂടെയുണ്ടായിരുന്നു. ഫിലെ മോന്ന് ലേഖനം എഴുതിയപ്പോൾ അവൻ മർക്കൊസിനെ കുറിച്ച് പറഞ്ഞത് "കൂട്ടു" വേലക്കാരൻ എന്നാണ് (ഫിലെ. 24). അവനെ ശുപാർശ ചെയ്യുവാൻ അഭിമാനവും തോന്നിയിരുന്നു. ഫിലെമോന്ന് എഴുതിയപ്പോൾ അവന്റേയും, അപ്പിയയുടേയും അർഹിപ്പൊസിന്റേയും വന്ദനം അറിയിക്കുന്നു എന്നു പ റയുമ്പോൾ അവർ തമ്മിൽ വ്യക്തിപരമായി കണ്ടിരുന്നു എന്നു വ്യക്തം (ഫിലെ. 1, 2, 23, 24).

പിന്നീട് കുറെ കാലത്തേക്ക് പൗലൊസും മർക്കൊസും വേറിട്ടു പ്രവർത്തി

ക്കുകയുണ്ടായി; എന്നാൽ പൗലൊസ് റോമിൽ രണ്ടാമത് തടവിലായപ്പോൾ, മർക്കൊസിന്റെ സഹായം ആവശ്യമായപ്പോൾ, അവനെ വരുത്തുവാൻ ആളയച്ചു. അവൻ തിമൊഥെയൊസിന് എഴുതി, "മർക്കൊസ് എനിക്ക് ശുശ്രൂഷക്ക് ഉപയോഗമുള്ളവൻ ആകയാൽ, അവനെ കൂട്ടിക്കൊണ്ടു വരിക" (2 തിമൊ. 4:11). എഫെസൊസിലോ അല്ലെങ്കിൽ അടുത്തുള്ള കൊലൊസ്യയിലോ മർക്കൊസിന് എത്തുവാൻ കഴിയുമായിരുന്നു (1 തിമൊ. 1:3). കൊലൊസ്യയിലേക്ക് മർക്കൊസ് പോയതായി എഴുതപ്പെട്ട രേഖ ഒന്നുമില്ല, പക്ഷെ അവിടെനിന്നും ഇവിടെനിന്നും ലഭിക്കുന്ന വിവരങ്ങൾ കൂട്ടിച്ചേർത്താൽ അവൻ അവിടെ പോയിരുന്നു എന്നു നമുക്ക് അനുമാനിക്കാം.

മർക്കൊസ് പിന്നീട് കർത്താവിന്റെ വലിയ ഒരു പ്രവർത്തകനായി തീർന്നു എന്നാണ് സകല സൂചനകളും വെളിപ്പെടുത്തുന്നത്. ഒരു സുവിശേഷകൻ അൽപം സങ്കോചത്തോടെ ആരംഭിച്ചിട്ട് അവസാനം ശുഭപര്യാപ്തിയിലെത്തുന്നത് നല്ല കാര്യമാണ്. തന്റെ പേരോടുകൂടിയ മർക്കൊസിന്റെ സുവിശേഷം എന്ന പുസ്തകം എഴുതിയത് അവനാണെന്ന് ബാഹ്യമായ തെളിവുകൾ നൽകുന്നു. അവൻ റോമിൽ പത്രൊസിനോടുകൂടെ ഉണ്ടായിരുന്നേക്കാം എന്നു കരുതാവുന്ന രീതിയിൽ പത്രൊസിന്റെ ലേഖനത്തിൽ ആണ് തിരുവെഴുത്തിൽ അവന്റെ പേർ അവസാനമായി നാം കാണുന്നത് (1 പത്രൊ. 5:13).

**"യുസ്തൊസ് എന്നു വിളിക്കുന്ന യേശുവും" (4:11)**

പൗലൊസിന്റെ കൂട്ടാളിയായി പിന്നെ പറഞ്ഞത് **യുസ്തൊസ് എന്നു വിളിക്കുന്ന യേശുവിനെ** ആണ്. "യോശുവ" എന്ന എബ്രായ വാക്കിന്റെ ഗ്രീക്ക് പദമാണ് "യേശു" (*ജീസൗസ്*) അല്ലെങ്കിൽ "ദൈവം രക്ഷയാകുന്നു." യെഹൂദ സമൂഹങ്ങളിൽ ആ പേർ സാധാരണയായിരുന്നു, ലോക രക്ഷിതാവായ യേശുവിന്റെ പേർ പോലെ തന്നെ (പ്രവൃ. 13:6). രണ്ടാം നൂറ്റാണ്ടിൽ പ്രായോഗികമായി ആർക്കും ആ പേർ നൽകിയിരുന്നില്ല. പൗലൊസിന്റെ കൂടെയുണ്ടായിരുന്ന ആ മനുഷ്യന് യുസ്തോസ് എന്നും പേരുണ്ടായിരുന്നു, അത് യെഹൂദന്മാർക്കിടയിൽ നിലവിലുണ്ടായിരുന്ന ലാറ്റിൻ പേരായിരുന്നു, അർത്ഥം, "നീതിയുള്ളവൻ" അല്ലെങ്കിൽ "നീതിമാൻ."

"യുസ്തോസ് എന്നു വിളിച്ചു" എന്നത് അന്തർലീനമാക്കുന്നത്, എബ്രായ പേരായ "യേശു" എന്നതിനേക്കാളധികം അവൻ അറിയപ്പെട്ടിരുന്നത് അവന്റെ ലാറ്റിൻ പേരിലാണ് എന്നത്രെ. യെഹൂദാചാരം അനുസരിച്ച് എബ്രായ പേരും ഗ്രീക്ക് പേരും ഉണ്ടായിരിക്കുക സ്വാഭാവികമായിരുന്നു. അതിനുദാഹരണമാണ്, "പത്രൊസ് ... എന്നു പേരുള്ള ശിമോൻ" (മത്താ. 4:18). "ബർന്നബാസിനെ ... യോസേഫ് എന്നും വിളിച്ചിരുന്നു" (പ്രവൃ. 4:36) "യോഹന്നാനെ ... മർക്കൊസ് എന്നും വിളിച്ചിരുന്നു" (പ്രവൃ. 12:12).

**"പരിഛേദനക്കാരിൽ ഇവർ മാത്രം
ദൈവരാജ്യത്തിന്നു കൂട്ടുവേലക്കാരായിട്ട്
എനിക്ക് ആശ്വാസമായി തീർന്നു" (4:11)**

കൂട്ടാളികൾ (*സുനെർജോയി*) എന്ന് പൊതുവിൽ ക്രിസ്ത്യാനികൾക്ക് പറയാറില്ല, എന്നാൽ സുവിശേഷ **പ്രചരണ വേലയിൽ** മറ്റുള്ളവരിൽനിന്നു വ്യത്യസ്തരാണെന്ന് തിരിച്ചറിയുന്നതിനാണ് ആ വാക്ക് ഉപയോഗിച്ചത് (3 യോഹ. 8 നോക്കുക). ദൈവവുമായി ചേർന്നു പ്രവർത്തിക്കുന്നവരെ

കുറിച്ച് പറയുവാനും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (1 കൊ. 3:9; 1 തെസ്സ. 3:2), "ക്രിസ്തുവിൽ" (റോമർ 16:3, 9), പൗലൊസിനോടുകൂടെ (റോമർ 16:21; ഫിലി. 2:25; 4:3; ഫിലെ. 24), ക്രിസ്തീയ സമൂഹത്തിനും ഉപയോഗിച്ചിട്ടുണ്ട് (2 കൊ. 1:24; 8:23).

ഒരു വർത്തമാനകാല യാഥാർത്ഥ്യമായിട്ടാണ് പൗലൊസ് **ദൈവരാജ്യത്തെ** കുറിച്ചു പറഞ്ഞത് (1:13; റോമർ 14:17; 2 തെസ്സ. 1:5). അവൻ എഫെസൊസിലുള്ളവരെയും, റോമിലടക്കം മറ്റു സ്ഥലങ്ങളിലും രണ്ട് വർഷം അവൻ പഠിപ്പിച്ചത് ദൈവരാജ്യത്തെ കുറിച്ചായിരുന്നു. "ദൈവരാജ്യം" മറ്റു സന്ദർഭങ്ങളിൽ ഈ ലോകത്ത് പിന്തുടരുവാനുള്ളതായിട്ടാണ് പറഞ്ഞിരിക്കുന്നത്.[3] പതിമൂന്നു ലേഖനങ്ങളിൽ ആറെണ്ണത്തിലും പൗലൊസ് ആ വാക്ക് ഉൾപ്പെടുത്തിയിരിക്കുന്നു (റോമർ 14:17; 1 കൊ. 6:9, 10; 15:50; ഗലാ. 5:21; എഫെ. 5:5; കൊലൊ. 4:11; 2 തെസ്സ. 1:5).

ആദ്യം പറഞ്ഞ മൂന്നു പേരും യെഹൂദന്മാരായിരുന്നു എന്ന് പൗലൊസ് തെളിവായി പറഞ്ഞില്ല; മറിച്ച്, അവർ **പരിഛേദനക്കാരിൽ** നിന്നായിരുന്നു എന്നാണ് അവൻ പറഞ്ഞത്. സന്ദർഭം മറിച്ചു പറയുന്നില്ലെങ്കിൽ, ന്യായപ്രമാണം പിൻപറ്റിയിരുന്ന "യെഹൂദന്മാർ" ക്രിസ്ത്യാനിത്വത്തിലേക്ക് പരിവർത്തനം ചെയ്തവരെ ആണ് അങ്ങനെ വിളിച്ചിരുന്നത് (പ്രവൃ. 9:22, 23; 13:43, 45). നേരെ മറിച്ച് ഒരു യെഹൂദ വിശ്വാസി ക്രിസ്ത്യാനിയായി തീർന്നാലും വർഗീയമായി അവൻ യെഹൂദനായിട്ടായിരുന്നു അറിയപ്പെട്ടിരുന്നത്. ഒരു യെഹൂദന് അന്യമതക്കാരനുമായി സമ്പർക്കമില്ല എന്ന് പത്രൊസ് തന്നെയും കൂടെ ഉൾപ്പെടുത്തി ഒരു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു (പ്രവൃ. 10:28). ഒരു ക്രിസ്ത്യാനിയായ അക്വിലാവിനെ യെഹൂദനായിട്ടാണ് വിശേഷിപ്പിച്ചിരുന്നത് (പ്രവൃ. 18:2), ചില വിശ്വാസികളെ യാക്കോബ് വിളിച്ചത് യെഹൂദന്മാർ എന്നാണ് (പ്രവൃ. 21:20, 21). പൗലൊസ് ക്രിസ്ത്യാനിയായ ശേഷവും ഒരു യെഹൂദനായിട്ടാണ് അറിയപ്പെട്ടത് (പ്രവൃ. 21:39; 22:3).

അരിസ്തർഹൊസും, മർക്കൊസും, യുസ്തൊസും പൗലൊസിനെ **ആശ്വസിപ്പിച്ചു** (*പാരഗോറിയ*). ആ വാക്ക് പുതിയനിയമത്തിൽ ഇവിടെ മാത്രമാണ് കാണുന്നത്. ബൈബിളിനു പുറത്ത് ആ വാക്കിന്റെ അർത്ഥം "ആശ്വാസം" എന്നാണ്. പൗലൊസ് വലിയ ഒരു ദൈവദാസനായിരുന്നിട്ടും മറ്റുള്ളവരെ പോലെ അവനും പ്രോൽസാഹനം ആവശ്യമായിരുന്നു. അവൻ കൊരിന്തിലായിരുന്നപ്പോൾ, അവനെ ആശ്വസിപ്പിപ്പാൻ ക്രിസ്തു അവനു പ്രത്യക്ഷനായിരുന്നു (പ്രവൃ. 18:9, 10; 2 കൊ. 1:3, 4 നോക്കുക). അവൻ തനിയെ യാത്ര ചെയ്യുകയോ താമസിക്കുകയോ ചെയ്തത് വിരളമായിട്ടായിരുന്നു, എപ്പോഴും ആരെയെങ്കിലും കൂടെ നിൽക്കുവാൻ അവൻ തിരഞ്ഞെടുത്തിരുന്നു. അഥേനയിലേക്കുള്ള തന്റെ രണ്ടാമത്തെ മിഷ്ണറി യാത്രയിൽ "വേഗത്തിൽ തന്നോട് ചേരുവാൻ" അവൻ ശിലാസിനോടും തിമൊഥെയൊസിനോടും പറഞ്ഞിരുന്നു (പ്രവൃ. 17:15). തെസലൊനിക്യരെ കുറിച്ചു വിചാരപ്പെട്ടതുകൊണ്ടായിരുന്നു അവൻ അഥേനയിൽ തനിച്ച് ഇരിപ്പാൻ ആഗ്രഹിച്ചത് (1 തെസ്സ. 3:1). കൂട്ട്കെട്ട് അവൻ ഇഷ്ടപ്പെട്ടിരുന്നതിനാൽ അവൻ എഴുതി, "ഞാൻ ക്രിസ്തുവിന്റെ സുവിശേഷം അറിയിപ്പാൻ ത്രോവാസിൽ വന്നാറെ, കർത്താവിന്റെ പ്രവൃത്തിക്കായി എനിക്ക് ഒരു വാതിൽ തുറന്നു കിട്ടിയപ്പോൾ, എന്റെ സഹോദരനായ തിത്തൊസിനെ കാണാഞ്ഞിട്ട് മനസിൽ സ്വസ്ഥതയില്ലാതായി ..." (2 കൊ. 2:12, 13).

### "നിങ്ങളിൽ ഒരുത്തനായ എപ്പഫ്രാസ്" (4:12)

**എപ്പഫ്രാസും**, "ലൂക്കൊസും," "ദേമാസും" (വാ. 14 നോക്കുക) ജാതികളുടെ പേരുകളായിരുന്നു. യെഹൂദ കൂട്ടാളികളുടെ വന്ദനം അറിയിച്ചശേഷം, പൗലൊസ് ജാതികളിൽനിന്നു ക്രിസ്ത്യാനികളായ കൂട്ടുകാരുടെ പേരുപറഞ്ഞു വന്ദനം അറിയിക്കുകയാണ് ചെയ്തത്.

തന്റെ ലേഖനത്തിന്റെ ആരംഭത്തിൽ തന്നെ എപ്പഫ്രാസിനെ പരിചയപ്പെടുത്തി അവനോട് പൗലൊസിനുണ്ടായിരുന്ന വലിയ മതിപ്പ് വെളിപ്പെടുത്തി (1:7). അവന്റെ മുഴുവൻ പേർ എപ്പഫ്രോദിത്തൊസ് എന്നായിരുന്നു. പൗലൊസ് ഫിലിപ്പിയ ലേഖനം എഴുതിയപ്പോൾ അവനോടുകൂടെ ഉണ്ടായിരുന്നവനല്ല ഇവിടെ പറയുന്ന ആൾ (ഫിലി. 2:25; 4:18).

എപ്പഫ്രാസ് കൊലൊസ്യക്ക് അടുത്തു തന്നെയായിരിക്കണം ഉണ്ടായിരുന്നത്. തിമൊഥെയൊസിനോടൊപ്പം, അല്ലെങ്കിൽ തിമൊഥെയൊസിനു പകരം പൗലൊസ് എന്തുകൊണ്ട് എപ്പഫ്രാസിനെ ഉൾപ്പെടുത്തിയില്ല? ലേഖനം എഴുതിയപ്പോൾ ആമുഖത്തിൽ എന്തുകൊണ്ട് അവന്റെ പേർ പറഞ്ഞില്ല? ഒരു തടവുകാരൻ ആയതിനാൽ വേറിട്ടു കഴിഞ്ഞ പൗലൊസിനെ അടിക്കടി കാണുവാൻ കഴിയാതിരുന്നതിനാലാകാം. അവൻ പൗലൊസിനൊപ്പം തടവിലായിരുന്നു എങ്കിൽ (ഫിലെ. 23), യാത്ര ചെയ്യുവാനോ, അല്ലെങ്കിൽ തിഹിക്കൊസിനും ഒനേസിമൊസിനും ഒപ്പം ലേഖനം കൊടുത്തയക്കുവാൻ അവനെയും ഉൾപ്പെടുത്തുവാനോ കഴിയുമായിരുന്നില്ല.

**നിങ്ങളിൽ ഒരുത്തൻ** എന്നു സൂചിപ്പിക്കുന്നത്, എപ്പഫ്രാസ് കൊലൊസ്യക്കാരൻ അല്ലങ്കിൽ, കൊലൊസ്യ ഇടവകയിലുള്ളവൻ എന്നാണ്. കൊലൊസ്യയിലും ഹിരാപൊലിയിലും പ്രവർത്തിക്കുവാൻ അവൻ തിരഞ്ഞെടുത്ത, അവന്റെ ബന്ധുക്കളോ സ്നേഹിതന്മാരോ അവിടെ ഉണ്ടായിരുന്നതുകൊണ്ടോ അല്ലെങ്കിൽ അവിടെ പ്രവർത്തിക്കുവാൻ അവനിനിഷ്ടമായതുകൊണ്ടോ ആകാം. പൗലൊസ് എഫെസൊസിൽ ആയിരുന്നപ്പോൾ, അവൻ എപ്പഫ്രാസിനെ പ്രവർത്തിക്കുവാനായി കൊലൊസ്യയിലേക്ക് അയച്ചിരിക്കാം, കാരണം അവൻ ആ പ്രദേശത്തുകാരനായിരുന്നു. അവന്റെ സ്വന്ത പ്രദേശത്ത് പ്രവർത്തിക്കുവാൻ അവനു സ്വാഭാവികമായും താൽപര്യം ഉണ്ടായിരിക്കും.

### "ക്രിസ്തുവിന്റെ ദാസനായ അവന്റെ വന്ദനം അറിയിക്കുന്നു, അവൻ പ്രാർത്ഥനയിൽ നിങ്ങൾക്ക് വേണ്ടി എപ്പോഴും പോരാടുന്നു" (4:12)

തന്റെ ലേഖനങ്ങളിൽ എപ്പഫ്രാസിനെയും, തിമൊഥെയോസിനെയും, തന്നെയും മാത്രമാണ് പൗലൊസ് **യേശുക്രിസ്തുവിന്റെ ദാസൻ** എന്നു വിളിച്ചിരിക്കുന്നത് (റോമർ 1:1; ഗലാ. 1:10; ഫിലി. 1:1; തിത്തൊ. 1:1). ഈ വിശേഷണത്താൽ പൗലൊസിന് അവനോടുള്ള ഉയർന്ന ആദരവ് പ്രകടിപ്പിച്ചിരിക്കുകയാണ്. "സഹ-ഭൃത്യൻ" എന്ന മറ്റൊരു വിശേഷണവും കൂടെ എപ്പഫ്രാസിനെ കുറിച്ച് പറഞ്ഞിട്ടുണ്ട് (1:7; 4:7). "ഭൃത്യൻ" "ദാസൻ" എന്നീ വാക്കുകൾ തരംതാഴ്ത്തി ഉപയോഗിച്ചിരുന്ന വാക്കുകളായിരുന്നു എന്നു തോന്നുന്നു, പക്ഷെ പൗലൊസ് ഉപയോഗിച്ചത് ആ രീതിയിലായിരുന്നില്ല. യേശുവിന്റെ ദാസനെന്നും ഭൃത്യനെന്നും പറഞ്ഞിരിക്കുന്നത് ഏറ്റവും ഉയർന്ന ആദരവിലാണ്.

അടുത്തതായി, പൗലൊസ് പറഞ്ഞത്, എപ്പഫ്രാസ് **പ്രാർത്ഥനയിൽ എപ്പോഴും** [അവർക്ക്] **വേണ്ടി പോരാടിയിരുന്നു** എന്നാണ്. "പോരാടുക"

(*ആഗണൈസോമെനോസ്*, അതിൽനിന്നാണ് "ആഗണൈസ്" എന്ന വാക്ക് രൂപപ്പെട്ടത്), അർത്ഥം, ആത്മാർത്ഥമായ അവശ്യ പരിശ്രമം എന്നാണ്.[4] ഈ വാക്കിന്റെ നാമ രൂപമാണ് യോഹന്നാൻ ഗെത്ത്ശെമന തോട്ടത്തിലെ യേശുവിന്റെ "വേദന" വിവരിക്കുവാൻ ഉപയോഗിച്ചത് (ലൂക്കൊ. 22:44), കൊലൊസ്യർക്ക് വേണ്ടി പൗലൊസ് നേരിട്ട പ്രയാസം വിവരിക്കുവാനും ആ വാക്ക് ഉപയോഗിച്ചു (2:1). തനിക്ക് വേണ്ടി പ്രാർത്ഥനയിൽ ജാഗരിപ്പാൻ പൗലൊസ് ആവശ്യപ്പെട്ടപ്പോഴും ഈ വാക്കിന്റെ ക്രിയാരൂപം ഉപയോഗിച്ചു (റോമർ 15:30). എപ്പഫ്രാസിന്റെ പ്രാർത്ഥന ഒരു പോരാട്ടമായിരുന്നു എന്നാണ് പൗലൊസ് പറഞ്ഞത്. അവൻ പ്രാർത്ഥനയിൽ പോരാടുക മാത്രമായിരുന്നില്ല, അവൻ ("എപ്പോഴും") പ്രാർത്ഥിക്കുമായിരുന്നു.

## "നിങ്ങൾ ദൈവേഷ്ടത്തിൽ പൂർണ്ണ നിശ്ചയമുള്ളവരായി നിൽക്കുവാൻ" (4:1)

തന്റെ സഹോദരന്മാർ **പൂർണ്ണനിശ്ചയം** ഉള്ളവരാകുവാനായിരുന്നു എപ്പഫ്രാസ് പ്രാർത്ഥിച്ചത്. "നിൽക്കുക" (*സ്റ്റാതെറ്റെ, ഹിസ്റ്റെമി*യിൽ നിന്ന്), ഭൗതികമായി അർത്ഥമാക്കുന്നത് ഒരു സ്ഥാനത്ത് "നിൽക്കുക" എന്നാണ്, ഉറച്ചു നിൽക്കുക, നിശ്ചയം പ്രാപിക്കുക, ഇളകാതെയിരിക്കുക എന്നെല്ലാമാണ്.[5] കൊലൊസ്യർ ലോകത്തിനോ സമ്പ്രദായങ്ങൾക്കൊ കീഴ്പ്പെടാതെ ക്രിസ്തുവിൽ വിശ്വസ്തരായി നിൽപാനായിരുന്നു എപ്പഫ്രാസ് പ്രാർത്ഥിച്ചത്.

"നിൽക്കുക" എന്നത് നിഷ്ക്രിയ ശബ്ദത്തിൽ ഉപയോഗിച്ചത് സൂചിപ്പിക്കുന്നത് എപ്പഫ്രാസ് പ്രാർത്ഥിച്ചത് ആ സഹോദരന്മാർ പൂർണ്ണനിശ്ചയം പ്രാപിക്കുവാൻ *കാരണമായി* എന്നാണ്. അവർ എങ്ങനെ നിശ്ചയം പ്രാപിച്ചു എന്നു പൗലൊസ് പറയുന്നില്ല. എപ്പഫ്രാസ് പ്രാർത്ഥിച്ചപ്പോൾ, ദൈവസഹായത്താൽ കൊലൊസ്യർ നിശ്ചയം പ്രാപിച്ചു എന്നാണ് ചിലർ കരുതുന്നത്. പരിശുദ്ധാത്മാവിന്റെ സഹായമായിരുന്നു ദൈവസഹായമായി ലഭിച്ചത് (എഫെ. 3:16), എന്നാൽ അത് മനുഷ്യരുടെ ശ്രമം കൂടാതെ ആയിരുന്നുമില്ല. തങ്ങളുടെ ഭാഗത്തുനിന്നും നിശ്ചയം പ്രാപിക്കുവാൻ ആവശ്യമായത് ചെയ്യുവാൻ എഫെസ്യരോട് നിർദ്ദേശിച്ചതായി അന്തർലീനമാക്കിയിരുന്നു (എഫെ. 6:13, 14).

"പുർണ്ണ" (*ടെലെയിയോയി*) എന്ന വാക്ക് തെറ്റില്ലാത്ത എന്നതിനേക്കാൾ തികഞ്ഞ, പക്വത എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. എൻഏഎസ്ബിയിൽ ഗ്രീക്ക് തർജിമ ചെയ്തിരിക്കുന്നത് "തികഞ്ഞ" എന്ന് പന്ത്രണ്ട് പ്രാവശ്യവും, ഏഴ് പ്രാവശ്യം "പക്വത," "മുതിർന്ന" എന്നിവ നല്ല തർജിമയാണ്, കാരണം അവ ഉപയോഗിച്ചിരിക്കുന്നത് ക്രിസ്തീയ ഗുണങ്ങൾ വർദ്ധിപ്പിക്കുന്ന സന്ദർഭത്തിലാണ് (മത്താ. 5:48; ഫിലി. 3:15; 3:12; യാക്കൊ. 1:4; 3:2; 1 യോഹ. 4:18). വചനം അഥവാ ദൈവേഷ്ടം പൂർണ്ണമാകുന്ന അർത്ഥത്തിൽ നാല് പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (റോമർ 12:2; 1 കൊ. 13:10; യാക്കൊ. 1:17, 25), സ്വർഗീയ കൂടാരത്തെ കുറിച്ച് പറയുവാൻ ഒരു പ്രാവശ്യവും ഉപയോഗിച്ചിരിക്കുന്നു (എബ്രാ. 9:11). മറ്റു ഭാഗങ്ങളിൽ എൻഏഎസ്ബി തർജിമ ചെയ്തിരിക്കുന്നത് ആ വാക്കിന്റെ മറ്റൊരു വകഭേദമായ *ടെലെയിയോസ്* "പക്വത" എന്ന അർത്ഥത്തിലും (1 കൊ. 2:6; 14:20; എഫെ. 4:13; എബ്രാ. 5:14) അല്ലെങ്കിൽ "തികഞ്ഞ" എന്ന അർത്ഥത്തിലും (മത്താ. 19:21; കൊലൊ. 1:28).

പാപമില്ലാത്തവരായി ആരുമില്ല (റോമർ 3:9, 10, 23).പാപമില്ലാത്ത അവസ്ഥയിൽ തെറ്റില്ലാത്ത പൂർണ്ണത നമുക്ക് ദൈവത്തിൽ മാത്രമെ കാണുവാൻ

കഴിയു (മത്താ. 19:17). മുകളിൽ പറഞ്ഞ വേദഭാഗങ്ങളിൽ ക്രിസ്തീയ ഗുണങ്ങൾ വളർത്തിയെടുക്കുന്നതിനെ കുറിച്ചാണ് വിവരിച്ചിരിക്കുന്നത്. അക്കാരണത്താൽ, *ടെലെയിയോസ്* "പൂർണ്ണമായ" എന്നതിനു പകരം "പക്വതയുള്ള," അല്ലെങ്കിൽ "മുതിർന്ന-തായ" എന്നു തർജിമ ചെയ്യാവുന്നതാണ്. കൊലൊസ്യൻ സമൂഹം പക്വതയിലെത്തുവാനുള്ള എപ്പഫ്രാസിന്റെ പ്രാർത്ഥന ഫലം കാണും, പക്ഷെ കുറ്റമില്ലാത്ത പൂർണ്ണതക്ക് വേണ്ടിയായാൽ അത് ഫലം കാണുകയില്ല. പാപരഹിതമായ ജീവിതം ഈ ലോകത്തിൽ ആർക്കും സാധ്യമല്ല (1 യോഹ. 1:8, 10). യേശുക്രിസ്തു മാത്രമെ പാപമില്ലാതെ ജീവിച്ചുള്ളു (2 കൊ. 5:21; എബ്രാ. 4:15; 7:26).

അതിനു പുറമെ, കൊലൊസ്യർ ദൈവേഷ്ടത്തെ കുറിച്ച് **പൂർണ്ണ ഉറപ്പു** (*പ്ലെരോഫോരെയോ*) ള്ളവരാകുവാനുമായിരുന്നു എപ്പഫ്രാസ് പ്രാർത്ഥിച്ചത്. അവർ ദൈവേഷ്ടത്തിൽ നിന്ന് എന്തെങ്കിലും മാറ്റുകയോ, അല്ലെങ്കിൽ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ ചെയ്താൽ അവർ ദൈവേഷ്ടം "മുഴുവനും" ചെയ്യുന്നവരാകുകയില്ല. ഉപയോഗിച്ചിരിക്കുന്ന വർത്തമാനകാല ക്രിയ വ്യക്തമാക്കുന്നത്, അവർക്ക് മുഴുവനും ബോധ്യമാകുവാൻ എപ്പഫ്രാസ് പ്രാർത്ഥിച്ചതുകൊണ്ട്, കൊലൊസ്യർ സന്ദേശത്തിലെ സത്യം മുഴുവൻ മനസിലാക്കിയിരിക്കണം എന്നാണ്

**ദൈവേഷ്ടം** മുഴുവനും എന്നതുകൊണ്ട് പൗലൊസ് അർത്ഥമാക്കിയത്, ദൈവം ആഗ്രഹിച്ചതിൽ ഒന്നും വിട്ടുകളയാതെ എന്നർത്ഥം. അവർ വചനത്തിൽനിന്ന് എന്തെങ്കിലും മാറ്റുകയോ, അല്ലെങ്കിൽ കൂട്ടിച്ചേർക്കുകയോ ചെയ്താൽ, അവന്റെ ഇഷ്ടം "മുഴുവനും" ചെയ്യാതിരിക്കും. സ്നാനപ്പെട്ടവരെ താൻ പഠിപ്പിച്ചതു ഒക്കെയും പഠിപ്പിക്കുവാനായിരുന്നു യേശു അപ്പൊസ്തലന്മാരെ പ്രബോധിപ്പിച്ചത് (മത്താ. 28:19, 20). ദൈവം വെളിപ്പെടുത്തിയിരിക്കുന്നതിനോട് കൂട്ടുകയോ കുറക്കുകയോ ചെയ്യാതെ അത് അങ്ങനെ തന്നെ അനുസരിക്കുമ്പോൾ, ഒരാൾ ദൈവേഷ്ടം "എല്ലാം" പ്രമാണിക്കുന്നു.

### "നിങ്ങൾക്കും ലവുദിക്യക്കാർക്കും ഹിയരപൊലിക്കാർക്കും വേണ്ടി അവൻ വളരെ പ്രയാസപ്പെടുന്നു" (4:13)

**ലവുദിക്യയും ഹിയരപ്പൊലിയും** ലൂക്കസ് വാലിയിലെ നദിയുടെ എതിർവശത്തായിരുന്നു, ഏകദേശം ആറു മൈലുകൾക്കപ്പുറം. എപ്പഫ്രാസ് മിക്കപ്പോഴും പൗലൊസിനോടുകൂടെ ഉണ്ടായിരുന്നതിനാലും, പൗലൊസും എപ്പഫ്രാസും അവർക്കു വേണ്ടി പ്രാർത്ഥിച്ചിരുന്നതിനാലും, കൊലൊസ്യരുടെ ഭാരം അവർക്ക് പരിചയമുണ്ടായിരുന്നു. അവൻ അവർക്കായി ഇടവിടാതെ പ്രാർത്ഥിച്ചിരുന്നു, യേശുവിനോടുള്ള അവരുടെ സമർപ്പണവും സ്ഥിരതയും ആഗ്രഹിച്ചിട്ടായിരുന്നു പ്രാർത്ഥിച്ചത്.

### "വൈദ്യനായ പ്രിയ ലൂക്കൊസും ദേമാസും നിങ്ങളെ വന്ദനം ചെയ്യുന്നു" (4:14)

**ലൂക്കൊസ്** എന്നത് ലൂക്കസ് എന്ന ലാറ്റിൻ പേരിന്റെ ഓമനപ്പേരായിരുന്നു, അതിന്റെ ലാറ്റിൻ പേർ "ലൂസിയസ്" എന്നാണ്. **പ്രിയ വൈദ്യൻ** എന്ന പ്രയോഗം സൂചിപ്പിക്കുന്നത് പൗലൊസ് ലൂക്കൊസിനെ സ്നേഹിച്ചിരുന്നു എന്നാണ്. "പ്രിയ" എന്ന വാക്ക് മറ്റുള്ളവരുമായുള്ള ബന്ധത്തിൽ തന്റെ സ്നേഹം

പ്രകടിപ്പിക്കുവാൻ തിരഞ്ഞെടുത്തതാണ്.[6] മറ്റുള്ളവർ പൗലൊസിനെ വിട്ടുപോയപ്പോഴും ലൂക്കൊസ് പൗലൊസിനോടൊപ്പം ഉണ്ടായിരുന്നത് പൗലൊസിനോട് അവനുണ്ടായിരുന്ന ഊഷ്മള ബന്ധത്തെയാണ് അത് വ്യക്തമാക്കുന്നത് (2 തിമൊ. 4:11).

പ്രവൃത്തികൾ 27:28 അനുസരിച്ച്, റോമിലേക്കുള്ള പൗലൊസിന്റെ യാത്രയിൽ ലൂക്കൊസ് അവനെ അനുഗമിച്ചിരുന്നു, അവിടെ അവൻ തടവിലായിരുന്നപ്പോൾ, ലൂക്കൊസ് അവനോടുകൂടെ താമസിച്ചു. രണ്ടാമത്തെയും മൂന്നാമത്തെയും സുവിശേഷ വിവരണങ്ങളിൽ, അവന്റെ രണ്ടാമത്തെ തടവിൽ, മർക്കൊസും ലൂക്കൊസും ഒരിക്കൽ പൗലൊസിനോടുകൂടെ ആയിരുന്നത് പറയുന്നത് വളരെ രസകരമായിട്ടാണ്. അവരുടെ വിവരങ്ങൾ പരസ്പരം കൈമാറിയോ? അപ്പോൾ അവർ തങ്ങളുടെ സുവിശേഷങ്ങൾ എഴുതി കഴിഞ്ഞിരുന്നോ? നമുക്ക് അറിയില്ല.

മറ്റു രണ്ട് തടവു ലേഖനങ്ങളിൽ, പൗലൊസ് ലൂക്കൊസിന്റെ സുവിശേഷവും പ്രവൃത്തികളുടെ പുസ്തവും എഴുതിയ ലേഖകനായ ലൂക്കൊസിനെ കുറിച്ചു തന്റെ കൂട്ടുവേലക്കാരിൽ ഒരാളാണ് അവനെന്ന് പൗലൊസ് പറഞ്ഞു (2 തിമൊ. 4:11; ഫിലെ. 24). ആ പുസ്തകങ്ങളിൽ ലൂക്കൊസിന്റെ പേർ പറയുന്നില്ലെങ്കിലും, പൗലൊസിന്റെ ലേഖനങ്ങളും പ്രവൃത്തികളുമായി താരതമ്മ്യം ചെയ്യുമ്പോൾ, ലൂക്കൊസും തിത്തൊസും മാത്രം പൗലൊസിനോടുകൂടെ ഉണ്ടായിരുന്നതായിട്ടാണ് ലേഖകൻ “ഞങ്ങൾ” “ഞങ്ങൾക്ക്” എന്ന പ്രയോഗം കൊണ്ട് സൂചിപ്പിക്കുന്നത്.[7] ആ രണ്ടു പുസ്തകങ്ങൾ ലൂക്കൊസ് എഴുതി എന്നതിന്റെ തെളിവാണ് ഉപയോഗിച്ച ഭാഷാശൈലി, അവൻ വിദ്യാഭ്യാസം ഉള്ളവനെന്നു തെളിയിക്കുന്നു, പിന്നെ ആരംഭ എഴുത്തുകാരായ ഡയോഗ്നേറ്റസ്, ഐറേനിയസ്, ക്ലെമെന്റ് ഓഫ് അലെക്സാണ്ഡ്രിയ, തെർത്തുല്യൻ, യൂസേബിയസ് തുടങ്ങിയവരുടെ സാക്ഷ്യവും.

“പ്രിയ വൈദ്യൻ” എന്നാണ് പൗലൊസ് ലൂക്കൊസിനെ വിശേഷിപ്പിച്ചത് (4:14), കൂടാതെ അവനെ തന്റെ “സഹ-ഭൃത്യന്മാരായ” മർക്കൊസ്, അരിസ്തർഹൊസ്, ദേമാസ് എന്നിവരോടൊപ്പമാണ് പറഞ്ഞിരിക്കുന്നത് (ഫിലെ. 24). തന്നെ വൈദ്യൻ എന്നു പറയുന്നതിനു പകരം പ്രവൃത്തികളുടെ പുസ്തകത്തിൽ, താൻ പൗലൊസിനോടും മറ്റുള്ളവരോടും സുവിശേഷ പ്രചരണത്തിൽ പങ്കു ചേർന്നിരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. ദൈവം [അവരെ] സുവിശേഷം പ്രസംഗിക്കുവാൻ വിളിച്ചു എന്നാണ് ലൂക്കൊസ് എഴുതിയത് (പ്രവൃ. 16:10).

പൗലൊസിന്റെ രണ്ടാമത്തെ മിഷ്ണറി യാത്രയിൽ ലൂക്കൊസ് ത്രോവാസിൽ വെച്ച് പൗലൊസിനോട് ചേർന്നു എന്നു പ്രവൃത്തികളുടെ പുസ്തകത്തിലെ ലൂക്കൊസിന്റെ “ഞങ്ങൾ” എന്ന പ്രയോഗം വെളിപ്പെടുത്തുന്നു. ത്രോവാസിൽ ലൂക്കൊസ് പൗലൊസിനോട് ചേർന്നപ്പോൾ, അവൻ ക്രിസ്ത്യാനിയായി തീർന്നിരിക്കുവാനാണ് സാധ്യത. കാരണം മക്കെദോന്യയിൽ സുവിശേഷം പ്രസംഗിക്കുവാൻ അവനെയും ക്ഷണിച്ചിരുന്നു (പ്രവൃ. 16:10). തനിക്ക് വൈദ്യസഹായം ആവശ്യമായിരുന്നതുകൊണ്ടാണ് പൗലൊസ് ലൂക്കൊസിനെ വിളിച്ചത് എന്നാണ് ചിലർ വിചാരിക്കുന്നത്. അവൻ പൗലൊസിനോടുകൂടെ ആയിരുന്നതിനാൽ പൗലൊസ് അവനെ കർത്താവിങ്കലേക്ക് പരിവർത്തനം ചെയ്ത ശേഷവും അവന്റെ വ്യക്തിപരമായ വൈദ്യ സഹായത്തിനു അവനെ കൂടെ നിർത്തിയിരുന്നതുമാകാം. അത് ഊഹം മാത്രമാണ്, തീർച്ചപ്പെടുത്താ

വുന്നതല്ല.

പൗലൊസിനോടും അവന്റെ കൂട്ടുവേലക്കാരോടും കൂടെ ലൂക്കൊസ് ത്രോവാസിൽനിന്നു ഫിലിപ്പിയയിലേക്ക് പോയി. അവിടെ ചന്തസ്ഥലത്ത്, ദാസിയായ ഒരു പെൺകുട്ടിയെ കണ്ടുമുട്ടുകയും അവൾ കരഞ്ഞുകൊണ്ട് പൗലൊസിനെ (കൂടാതെ ശിലാസിനേയും തിമൊഥെയൊസിനേയും) പിന്തുടർന്നു പറഞ്ഞു "ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ, രക്ഷാമാർഗം നിങ്ങളോട് അറിയിക്കുന്നവർ" (പ്രവൃ. 16:17). അവനും മറ്റുള്ളവരും രക്ഷാമാർഗം യേശുവിന്റെ നാമത്തിൽ അറിയിക്കുന്നവർ എന്നായിരുന്നു അവളുടെ പ്രതികരണത്തിൽ അന്തർലീനമായിരുന്നത്. പൗലൊസും, ശിലാസും, തിമൊഥെയൊസും അവിടം വിട്ടു പോയപ്പോൾ, പൗലൊസ് തന്റെ മൂന്നാമത്തെ മിഷ്ണറി യാത്രക്ക് മടങ്ങിവരുന്നതുവരെ ലൂക്കൊസ് അവിടെ തന്നെ താമസിച്ചു (പ്രവൃ. 16:10–17; 20:5–15). അവിടെനിന്നു, അവൻ പൗലൊസിനോടുകൂടെ യെരുശലേമിലേക്ക് പോകുകയും (പ്രവൃ. 21:1–18), പിന്നെ റോമിലേക്കും പോയി, അവിടെ അവൻ പൗലൊസിനോടുകൂടെ രണ്ട് വർഷം താമസിച്ചു (പ്രവൃ. 27:1–28:16).

തിത്തൊസ് ലൂക്കൊസിന്റെ സഹോദരനായതുകൊണ്ട്, പൗലൊസിനെ അകമ്പടിസേവിക്കുവാൻ പൗലൊസിനൊപ്പം തിത്തൊസിനെ ഉൾപ്പെടുത്തിയില്ല എന്നു ചിലർ കരുതുന്നു. എന്നാൽ പൗലൊസിന്റെ മൂന്നാമത്തെ മിഷ്ണറി യാത്രയിൽ തിത്തൊസ് പൗലൊസിനൊപ്പം ഉണ്ടായിരുന്നതായി തെളിവുകൾ വ്യക്തമാക്കുന്നു (2 കൊ. 2:13; 7:6; ഗലാ. 2:1–3). ആത് വാസ്തവമാണെങ്കിൽ, പ്രവൃത്തികളുടെ പുസ്തകത്തിൽ തന്റെ പേരും തിത്തൊസിന്റെ പേരും ലൂക്കൊസ് പറഞ്ഞില്ല എന്ന് സ്പഷ്ടം.

അവന്റെ പേരിനൊപ്പം ജാതികളിൽനിന്നു പരിവർത്തനം ചെയ്തവരുടെ പേരുകളും പറഞ്ഞിരിക്കുന്നതിനാൽ, ലൂക്കൊസ് ജാതിയിൽനിന്നുള്ളവനായിരുന്നു എന്നു സൂചിപ്പിക്കുന്നു. അറിയപ്പെടാതിരുന്ന ലൂക്യോസ് ആയിരുന്നു അവനെന്ന് ഒറിജെൻ എന്ന എഴുത്തുകാരൻ തിരിച്ചറിയിച്ചിരിക്കുന്നു, പൗലൊസ് അവനെ റോമർ 16:21 ൽ ചാർച്ചക്കാരൻ എന്നാണ് പറഞ്ഞത്. യൂസേബിയസും ജെരോമിയും തീർച്ചപ്പെടുത്തിയത് അവൻ സുറിയയിലെ അന്ത്യോക്യയിൽ ജനിച്ചവൻ ആയിരുന്നു എന്നാണ്.[8] അങ്ങനെയെങ്കിൽ, ചിലർ പറഞ്ഞതുപോലെ, പ്രവൃത്തികൾ 13:1 ൽ പറയുന്ന കുറേനക്കാരൻ ലുക്യോസ് അവനായിരുന്നേക്കാം. വൈദ്യനും ആ രണ്ട് മനുഷ്യരും തമ്മിലുള്ള ബന്ധം എന്തായിരുന്നു എന്നു തീർച്ചയില്ല. മറ്റൊരു അനുമാനം എന്തെന്നാൽ അവൻ തെയോഫിലോസിന്റെ വീട്ടിൽ ശുശ്രൂഷിച്ചിരുന്നു, അവൻ ധനികനായ ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനായിരുന്നു, അവനായിരുന്നു ലൂക്കൊസിന്റെ സുവിശേഷവും പ്രവൃത്തികളുടെ പുസ്തകവും എഴുതിയത് (ലൂക്കൊ. 1:3; പ്രവൃ. 1:1). പാരമ്പര്യം അനുസരിച്ച്, പൗലൊസിന്റെ മരണശേഷം, ലൂക്കൊസ് ഇറ്റലിയിലുള്ള ഗൗളിലെ ദെൽമഥ്യയിലും മക്കെദോന്യയിലും ഉപദേഷ്ടാവായിരിക്കുകയും ബിഥുന്യയ്ക്കടുത്തുള്ള അഖായയിൽ വെച്ച് ഒന്നാം നൂറ്റാണ്ടിന്റെ അവസാനം മരിക്കുകയും ചെയ്തു.[9]

**ദേമാസിന്റെ** പേർ ലൂക്കൊസിന്റെ പേരോടൊപ്പമാണ് കൊലൊസ്യ ലേഖനത്തിലും ഫിലെമോന്റെ ലേഖനത്തിലും കാണുന്നത്. പൗലൊസ് തന്റെ സഹപ്രവർത്തകരെ കുറിച്ച് അവസാനം എഴുതിയപ്പോൾ, ലൂക്കൊസ് പൗലൊസിനോടുകൂടെ താമസിക്കുകയായിരുന്നു-അവൻ തടവിലായിരുന്നു-എന്നാൽ ദേമാ

സ് തെസ്സലൊനിക്യയിലേക്ക് പോയി (2 തിമൊ. 4:10, 11). "ദെമത്രിയോസി" ന്റെ ചുരുക്കപ്പേരാണ് "ദേമാസ്." അത് 3 യോഹന്നാൻ 12 ൽ പറഞ്ഞിരിക്കുന്നവനായി ആളുകൾ ധരിക്കുവാൻ കാരണമായിട്ടുണ്ട്. കൊലൊസ്യർക്ക് അവൻ പരിചിതനായതുകൊണ്ടായിരിക്കണം വേറൊന്നും പറയാതെ അവന്റെ പേർ മാത്രം പറയുവാൻ കാരണം. നേരെ മറിച്ച്, അവനെ കുറിച്ച് പ്രശംസിപ്പാനായി കൂടുതലൊന്നുമില്ലാഞ്ഞിട്ടാകാം മറ്റൊന്നും പറയാതിരുന്നത്. ഈ ലോകത്തെ സ്നേഹിച്ചിട്ടാണ് ദേമാസ് തെസലൊനിക്യയിലേക്ക് പോയത് എന്നാണ് പൗലൊസ് പറഞ്ഞത് (4:10). ഒരുപക്ഷെ അവന്റെ ഉറപ്പില്ലായ്മയായിരിക്കാം പൗലൊസ് അങ്ങനെ തിരി ച്ചിയ വ്വാൻ കാരണമായത്.

## സഹോദരന്മാർക്ക് വന്ദനങ്ങളും അഭിപ്രായങ്ങളും (4:15-17)

**15ലവുദിക്യയിലെ സഹോദരന്മാർക്കും നുംഫെക്കും അവളുടെ വീട്ടിലെ സഭെക്കും വന്ദനം ചൊല്ലുവിൻ. 16നിങ്ങളുടെ ഇടയിൽ ഈ ലേഖനം വായിച്ചു തീർന്ന ശേഷം ലവുദിക്യ സഭയിൽ കൂടെ വായിപ്പിക്കയും ലവുദിക്യയിൽനിന്നുള്ളത് നിങ്ങളും വായിക്കയും ചെയ്വിൻ. 17അർഹിപ്പൊസിനോട് "കർത്താവിൽ ലഭിച്ച ശുശ്രൂഷ നിവർത്തിപ്പാൻ നോക്കേണം എന്നു പറവിൻ."**

### "ലവുദിക്യയിലുള്ള സഹോദരന്മാർക്ക് വന്ദനം" (4:15)

ആ പട്ടണങ്ങൾ തമ്മിൽ പത്തു മൈൽ അകലം മാത്രം ഉള്ളതുകൊണ്ട്, കൊലൊസ്യക്കാർക്ക് ലവുദിക്ക്യരെ വന്ദനം ചെയ്വാനും ലേഖനം അവരെ വായിച്ചു കേൾപ്പിക്കുവാനും പ്രയാസം ഇല്ലായിരുന്നു. **ലവുദിക്യയിലെ** പലരെയും പൗലൊസിന് നേരിട്ടു പരിചയമില്ലെങ്കിലും, ആ ഇടവകയിലെ ചില അംഗങ്ങളെ അവന് അറിയാമായിരുന്നു. നുംഫെയെ പേരെടുത്ത് അവനു അറിയാമായിരുന്നു. പൗലൊസ് എഫെസൊസിൽ മൂന്നു വർഷം താമസിച്ചിരുന്നപ്പോൾ, ലവുദിക്യയിലെ ചിലർ അവനെ സന്ദർശിക്കുവാൻ ചെന്നിരിക്കും (പ്രവൃ. 20:31).

**സഹോദരന്മാർ** (*അഡെൽഫോയി*) ഒരു പുല്ലിംഗ വാക്കാണ് എങ്കിലും, ഈ കാര്യത്തിൽ സ്ത്രീകളും പുരുഷന്മാരും ഉൾപ്പെട്ടിരിക്കും. *അഡെൽഫായി* എന്ന വാക്ക് ഉപയോഗിച്ച് "സഹോദരന്മാരും" "സഹോദരിമാരും" എന്നു അവനു പറയാമായിരുന്നു. എങ്ങനെയായാലും, ഇവിടെ *അഡെൽഫോയി* മാത്രം ഉപയോഗിച്ചതിനാൽ, പൗലൊസ് ഉദ്ദേശിച്ചത് അവരെ കൂടെ ഉൾപ്പെടുത്തി, "സഹോദരങ്ങൾ" എന്ന അർത്ഥത്തിലാണെന്ന് സഹോദരിമാർ വിചാരിക്കും.

ഒരു ഇടവക മറ്റൊരു ഇടവകയെ വന്ദനം ചെയ്യണമെന്ന് പുതിയനിയമത്തിൽ ഇവിടെ മാത്രമാണ് പറഞ്ഞിരിക്കുന്നത്. ആ വന്ദനം ആരെങ്കിലും നേരിട്ട് അറിയിക്കണമെന്നോ അല്ലെങ്കിൽ ലേഖനം മുഖേന ആയിരിക്കണമെന്നോ പൗലൊസ് പ്രത്യേകത നൽകിയിരുന്നില്ല. ആരാണ് വന്ദനം അറിയിക്കേണ്ടത് എന്നും പറഞ്ഞിരുന്നില്ല: ലേഖനം വായിക്കുന്ന ആളോ, ഇടവകയിലെ അദ്ധ്യക്ഷനോ, അല്ലെങ്കിൽ മറ്റാർക്കെങ്കിലുമോ ചെയ്യാവുന്നതായിരുന്നു അത്. ലവുദിക്യക്കാരെ വന്ദനം ചെയ്യുവാനായിരുന്നു കൊലൊസ്യരോട് പറഞ്ഞത്,

കൊലൊസ്യലേഖനം അവർ തന്നെ **ലവുദിക്യക്കാരെ** വായിച്ചു കേൾപ്പിക്കണമെന്നില്ലായിരുന്നു. ലവുദിക്യയിലെ സഹോദരന്മാരെ വന്ദനം ചെയ്യുവാൻ കൊലൊസ്യയിലുള്ളവരോട് പൗലൊസ് പറഞ്ഞതിനാൽ, ആ ഇടവകകൾതമ്മിലും ഒരുപക്ഷെ വിശ്വാസികളായ മറ്റു ഇടവകകളും തമ്മിലുള്ള ബന്ധത്തെയാണ് അത് വ്യക്തമാക്കുന്നത്. ആ രണ്ടു ഇടവകകളും അന്യോന്യം കൂട്ടായ്മ ആചരിക്കത്തക്കവണ്ണം അടുത്തായിരുന്നു.

### "നുംഫെക്കും അവളുടെ വീട്ടിലെ സഭക്കും" (4:15)

**സഭ** (*എക്ലേസിയ*) എന്ന വാക്കിന് പല നിർവ്വചനങ്ങൾ നടത്താവുന്നതിനാൽ, ഇവിടെ അർത്ഥം പ്രാദേശിക ഇടവകയാണ്, അല്ലാതെ മൊത്തത്തിലുള്ള ക്രിസ്തുവിന്റെ ശരീരമായിട്ടല്ല പറയുന്നത്.

പലപ്പോഴും ഇടവകകൾ സ്വകാര്യ വീടുകളിൽ കൂടി വന്നിരുന്നു (പ്രവൃ. 12:12), പ്രത്യേകിച്ച് ആളുകൾക്ക് കൂടി വരാവുന്ന വലിയ മുറികളുള്ള ധനികരുടെ വീടുകൾ. ആദ്യ രണ്ട് നൂറ്റാണ്ടുകളിൽ ക്രിസ്ത്യാനികൾ ഇങ്ങനെ ആയിരുന്നു കൂടി വന്നിരുന്നത്. മറ്റു ക്രിസ്ത്യാനികളുടെ വീടുകളിൽ സഭ കൂടി വന്നതായി പൗലൊസ് പറഞ്ഞിരിക്കുന്നു (റോമർ 16:5, 23; 1 കൊ. 16:19; ഫിലെ. 2).

**നുംഫെ** (അല്ലെങ്കിൽ "നുംഫാസ്" ആയിരിക്കാനും സാധ്യതയുണ്ട്) വേദഭാഗത്തിലെ ഉപയോഗത്തിൽനിന്നു ലിംഗ നിർണ്ണയം അസാധ്യമാണ്. ഇവിടെ പറഞ്ഞിരിക്കുന്ന സർവ്വനാമമാണ് ഏതു ലിംഗമാണെന്ന് തീരുമാനിക്കുന്നത്. ഏറ്റവും നല്ല കയ്യെഴുത്തു പ്രതികളിൽ "അവന്റെ വീട്ടിൽ" എന്നതിനു പകരം **അവളുടെ വീട്ടിൽ** എന്നാണെങ്കിലും, തർജിമകളിൽ വ്യത്യാസമുണ്ട്. എൻഐവി, ടിഎൻഐവി, 1977 ലെ എൻഏഎസ്ബി യിലും, എൻഏഎസ്ബി യിലും "അവളുടെ" എന്നാണ്; എന്നാൽ എൻഏഎസ്ബിയുടെ കുറിപ്പിൽ: "അല്ലെങ്കിൽ നുംഫാസ് ([പു]ല്ലിംഗം)," കെജെവിയും, എൻകെജെവിയും തർജിമ ചെയ്തിരിക്കുന്നത് "അവന്റെ" എന്നാണ്. ഏഎസ്വി യിൽ "അവരുടെ" എന്നാണ്. പിന്നീടുള്ള തലമുറ സ്ത്രീ വീട് സ്വന്തമാക്കിയിരുന്നതിനെ ചോദ്യം ചെയ്തതുകൊണ്ടാണ് "അവന്റെ വീട്" എന്നു മാറ്റിയത് എന്നു വ്യാഖ്യാതാക്കൾ ഊഹിക്കുന്നു; എങ്ങനെയായാലും, അത് ഒരു വിലയുള്ള വിശദീകരണമല്ല. യോഹന്നാന്റെ അമ്മ മറിയക്ക് യെരുശലേമിൽ വീട് ഉണ്ടായിരുന്നു (പ്രവൃ. 12:12), "എന്റെ വീട്ടിൽ വന്നു പാർക്കേണം" എന്നു ലുദിയ പൗലൊസിനോടും കൂട്ടരോടും പറഞ്ഞിരുന്നു (പ്രവൃ. 16:15), അത് സൂചിപ്പിക്കുന്നത് സത്രീകൾക്ക് വീടുണ്ടായിരുന്നു എന്നാണ്. നുംഫാ ഒഡോറസിന്റെ ചുരുക്കപ്പേരാണ് നുംഫ എന്നും അതിനാൽ വീട് പുരുഷന്റേതായിരുന്നു എന്നും പറയപ്പെടുന്നു. എങ്ങനെയായാലും, കയ്യെഴുത്തുപ്രതിയുടെ തെളിവിന്റെ അടിസ്ഥാനത്തിൽ "അവളുടെ വീട്" എന്നതാണ് ശരിയായ തർജിമ.

വ്യക്തിപരമായി പൗലൊസിന് നുംഫയെ അറിയാമായിരുന്നിരിക്കണം. അവളുടെ പേർ പറഞ്ഞിരിക്കുന്നതിനാൽ, ഒന്നുകിൽ അവൻ അവളെ കണ്ടിരിക്കാം, അല്ലെങ്കിൽ ആരെങ്കിലും നൽകിയ വിവരം അനുസരിച്ചായിരിക്കാം, ഒരുപക്ഷെ എപ്പഫ്രാസ് പറഞ്ഞതാകാം. പൗലൊസ് സ്ത്രീയുടെ പേർ പറയുന്നത് അസാധാരണമല്ല, അവൻ മറ്റു ലേഖനങ്ങളിൽ സ്ത്രീകളുടെ പേർ നൽകിയിട്ടുണ്ട് (റോമർ 16:3, 6; 1 കൊ. 16:19; ഫിലി. 4:2, 3).

നുംഫെ താമസിച്ചിരുന്ന പട്ടണം ഏതെന്നു തീർച്ചയില്ല. കാരണം ലവുദിക്യസഭയെ വന്ദനം ചെയ്യുവാൻ പറഞ്ഞയുടനെ ആണ് നുംഫെയുടെ പേർ പൗലൊസ് പറഞ്ഞത്. അത് അവളുടെ മാതൃ ഇടവകയായിരുന്നു എന്ന് ചിലർ കരുതുന്നു. ലേഖനം ലഭിച്ചവർക്ക് അവൾ എവിടെ താമസിച്ചിരുന്നു എന്നു അറിയാമായിരുന്നു.

### "നിങ്ങൾ ഈ ലേഖനം വായിച്ചശേഷം ലവുദിക്യ സഭയിൽ കൂടെ വായിപ്പിക്കുക" (4:16)

**വായിക്കുക** (*അനാജിനോസ്കോ*) എന്നത് വായനക്കുള്ള പൊതുവായ വാക്കാണ്. *അനാഗ്നോസിസ്* എന്ന വാക്ക് പരസ്യ വായനയെയാണ് പറയുന്നത്, അത് പുതിയനിയമത്തിൽ മൂന്നു പ്രാവശ്യമാണ് കാണുന്നത് (പ്രവൃ. 13:15; 2 കൊ. 3:14; 1 തിമൊ. 4:13). പൗലൊസിന്റെ ലേഖനങ്ങളെല്ലാം സഭകളിൽ വിതരണം ചെയ്തിരുന്നു, അവ ഇന്നും വായിക്കുകയും ആദരിക്കപ്പെടുകയും ചെയ്യുന്നു. തന്റെ ലേഖനങ്ങൾ ഇടവകയിലുള്ള എല്ലാ അംഗങ്ങളെയും വായിച്ചു കേൾപ്പിക്കുവാനുള്ള അവസരം ഉണ്ടാകണം എന്ന അർത്ഥത്തിലാണ് **നിങ്ങളുടെ ഇടയിൽ** എന്ന പ്രയോഗം നടത്തിയിരിക്കുന്നത് (1 തെസ്സ. 5:27 നോക്കുക).

കൊലൊസ്യ സഭ മാത്രമല്ല പൗലൊസിന്റെ മനസിൽ ഉണ്ടായിരുന്നത്, അതുകൊണ്ടാണ് അവൻ ലവുദിക്യയിലും അത് വായിച്ചു കേൾപ്പിക്കുവാൻ ആവശ്യപ്പെട്ടത്. ലവുദിക്യക്കാർക്കുള്ള ലേഖനം കൊലൊസ്യയിലും വായിച്ചു കേൾപ്പിക്കുവാൻ പറഞ്ഞതിനാൽ, രണ്ട് ഇടവകകളും അഭിമുഖീകരിച്ചിരുന്നത് ഒരേ പ്രശ്നങ്ങളായിരുന്നു എന്നു കരുതാം. ഇടവക കൂടി വരുമ്പോൾ ലേഖനം ആർ വായിച്ചു കേൾപ്പിക്കണം എന്നു പൗലൊസ് പറഞ്ഞില്ല. ആരാണ് അത് ചെയ്യേണ്ടത് എന്നും എങ്ങനെ ചെയ്യണമെന്നും കൊലൊസ്യ ഇടവകയായിരുന്നു തീരുമാനിക്കേണ്ടത്. ചിലപ്പോൾ ബൈബിളിൽ ചെയ്യുവാനായി ഒരു പ്രസ്താവന നൽകിയിരിക്കും, പക്ഷെ എങ്ങനെ, എപ്പോൾ എന്ന് പറഞ്ഞിരിക്കുകയില്ല, അത് ഇടവക്ക് തീരുമാനിക്കാം എന്ന ഒരു തത്വമാണ് ഇവിടെ നമുക്ക് ലഭിക്കുന്ന പാഠം.

ഇടവക സാധാരണ കൂടി വന്ന സമയങ്ങളിലൊന്നിൽ, അഥവാ ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ അവരെല്ലാവരും സന്നിഹിതരായപ്പോൾ, വായിച്ചുകേൾപ്പിച്ചുകാണും എന്നു നമുക്ക് ഊഹിക്കാം. അവർ കൂടി വന്നിരുന്നത് പ്രത്യേകമായി ആ ദിവസമായിരുന്നു (പ്രവൃ. 20:7; 1 കൊ. 16:2), അതിനെ കർത്തൃദിവസം എന്നും വിശേഷിപ്പിച്ചിരിക്കുന്നു (*ഹെ കുരിയകെ ഹെമേരാ*; വെളി. 1:10). ഞായറാഴ്ച്ചയിലെ കൂടിവരവിനായിരുന്നു ആരംഭ സഭ ആ പ്രയോഗം നടത്തിയിരുന്നത്.

### "നിങ്ങൾ ഈ ലേഖനം വായിച്ചു തീർന്നശേഷം ലവുദിക്യയിലുള്ളവരെയും വായിച്ചുകേൾപ്പിക്കയും" (4:16)

ലവുദിക്യയിൽനിന്നുള്ള ലേഖനം എന്നു പറഞ്ഞിരിക്കുന്നതിനെ കുറിച്ച് ഉയരുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുക എളുപ്പമല്ല. പല സാധ്യതകളും പറയപ്പെടുന്നു:

(1) പൗലൊസ് ലവുദിക്യക്കാർക്ക് എഴുതിയ നഷ്ടപ്പെട്ടുപോയ ലേഖനമാണ് അതെന്ന് ചിലർ പറയുന്നു. ആ കാഴ്ച്ചപ്പാടിലാണ് ബൈബിളിലെ പല

വിലയേറിയ കാര്യങ്ങളും നഷ്ടപ്പെട്ടിരിക്കുന്നു എന്നു മോർമോൺകാർ പറയുന്നത്. ലവുദിക്യക്കാർക്ക് എഴുതപ്പെട്ടതെന്ന് കരുതപ്പെടുന്ന ലേഖനം നാലാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെട്ടിരുന്നു:

> ജെരോമിയും[10]... ചില ഗ്രീക്ക് പിതാക്കന്മാരും വളരെ ചെറിയ രീതിയിൽ പറഞ്ഞ് ലവുദിക്യ ലേഖനവും, രണ്ടാം നിഖ്യ സുന്നഹദോസും (എ.ഡി. 787) രൂപപ്പെട്ടിരുന്നതിനെ തള്ളിക്കളഞ്ഞിരിക്കുകയാണ്. എങ്ങനെയായാലും, പല ലത്തീൻ [കയ്യെഴുത്തുപ്രതികളും], ആറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, കോർഡെക്സ് ഫോൽഡെനിസും മദ്ധ്യകാലഘട്ടത്തിലും, രൂപപ്പെടുത്താത്തതും പൗലോസിന്റെ പല പ്രയോഗങ്ങളും അടങ്ങിയതും ദുർബ്ബലമായതുമായ ലവുദ്യക്യ ലേഖനം എന്ന പേരിൽ സാഹിത്യചോരണം നടത്തിയത് തീർച്ചയായും, കൊലൊസ്യർ 4:16 ലെ വിടവു നികത്തുക എന്നതല്ലാതെ മറ്റൊരു ലക്ഷ്യവും അതിനില്ലായിരുന്നു. ഗ്രീക്കിൽനിന്നു തർജിമ ചെയ്ത അടയാളങ്ങൾ അതിൽ ഉണ്ടായിരുന്നു; ഒരു അറബി വെർഷനും ഇതു പറയുന്നു. അത് 4ത് സെഞ്ചുറിക്ക് ശേഷം ആകുവാനിടയില്ല., എന്നാൽ അത് രണ്ടാം-നൂറ്റാണ്ടിലെ മുററ്റോറിയൻ കാനോനിലെ ലേഖനം ആകുവാനിടയില്ല[11]

(2) പൗലൊസ് അത് അറിയപ്പെടാത്ത ഒരു ഇടവകക്ക് എഴുതിയതാണെന്ന മറ്റൊരു ആശയം നിലനിന്നിരുന്നു, എന്നാൽ അത് വളരെ കുറച്ചുപേരുടെ മാത്രം കാഴ്ച്ചപ്പാടായിരുന്നു. വീണ്ടും, ആ ലേഖനം, നഷ്ടപ്പെട്ടതായിരുന്നു.

(3) ലവുദിക്യർക്ക് ലേഖനം എഴുതിയത് എപ്പഫ്രാസായതുകൊണ്ടാണ് ലവുദിക്യരെ വന്ദനം അറിയിപ്പാൻ കൊലൊസ്യരെ ഏർപ്പെടുത്തിയത് എന്നു പറയപ്പെടുന്നു. പൗലൊസ് എഴുതിയില്ലെങ്കിൽ, എപ്പഫ്രാസിന്റെ വന്ദനം അറിയിക്കുന്നത് ഇത് ആദ്യമായിട്ടായിരിക്കാം. ലവുദിക്യർക്കുള്ള "എന്റെ ലേഖനം" എന്നു പൗലൊസ് സൂചിപ്പിച്ചത് ആ വിശദീകരണം ശരിയല്ലെന്നു വരുന്നു (4:16).

(4) ആദ്യ എഴുത്തുകാരായ ക്രിസോസ്റ്റം, മോപ്സുവെസ്റ്റിസിലെ തെയോഡറും, തെയോഡറെറ്റും വിശ്വസിച്ചിരുന്നത് പൗലൊസ് ഒരു ലേഖനം ലവുദിക്യക്കാർക്ക് എഴുതി എന്നാണ്. അത് തെറ്റാനിടയില്ല: തനിക്ക് അത് ലഭിച്ചില്ലെങ്കിൽ ആ ലേഖനത്തെ കുറിച്ച് പൗലൊസിന് എങ്ങനെ അറിയാം?

എന്തുകൊണ്ട് അവന്റെ ഒരു ലേഖനം കൊലൊസ്യർ വായിക്കണം? ലവുദിക്യക്കാർ തയ്യാറാക്കുന്ന ഒരു എഴുത്ത് പൗലൊസിന്റേതുപോലെ ആധികാരികമായിരിക്കുകയില്ല. തന്റെ അപ്പൊസ്തൊലിക അധികാരമുള്ളതിനാലാണ് കൊലൊസ്യർ തന്റെ ലേഖനം ലവുദിക്യയിലും വായിച്ച് കേൾപ്പിക്കുവാൻ പറഞ്ഞത്.

(5) ആ ലേഖനം, എഫെസ്യർ, ഫിലെമോൻ, അല്ലെങ്കിൽ ലവുദിക്യയിലെത്തിയ എബ്രായ ലേഖനത്തിന്റെയും പകർപ്പ് ഉൾപ്പെടുന്നതാണെന്ന് ചിലർ വിശ്വസിക്കുന്നു. ഫിലെമോന്റെ ലേഖനം അവർ മാറ്റി നിർത്തുവാൻ കാരണം അത് വ്യക്തിപരമായ പ്രാധാന്യം കൊലൊസ്യർക്കുള്ള ലേഖനമായിരുന്നു എന്നതാണ്. യെഹൂദജനങ്ങൾ കൂടുതലുള്ള കൊലൊസ്യർക്ക് എബ്രായ ലേഖനം ആണ് അയച്ചത് കാരണം ന്യായപ്രമാണത്തേക്കാൾ ശേഷ്ഠത യേശുവിനും അവന്റെ നിയമത്തിനും ഉണ്ട് എന്ന വസ്തുത അതിലടങ്ങിയിരിക്കുന്നു.

അത് അവൻ എഫെസ്യർക്ക് എഴുതിയ ലേഖനം ആയിരുന്നേക്കാം. മാർഷ്യൻ[12] എന്ന എഴുത്തുകാരൻ കരുതുന്നത് അജ്ഞാതമായ എഫെസ്യർ എന്നതിനെ അവന്റെ കാനോനിൽ, പൗലൊസിന്റെ "ലവുദിക്യർക്കുള്ള ലേഖനം" എന്നാണ് പറഞ്ഞത്; എങ്ങനെയായാലും, ഈ അംഗീകരിക്കപ്പെട്ട എഴുത്തിൽ എന്തെങ്കിലും വിശ്വാസ്യത കാണുമോ എന്നു സംശയിക്കപ്പെടുന്നു.

കൊലൊസ്യലേഖനം എഴുതിയശേഷമാണ് എഫെസ്യലേഖനം എഴുതിയത് എന്നതിനാൽ അത് എഫെസ്യലേഖനം അല്ല എന്നു വേറെ ചിലർ വാദിക്കുന്നു. എഫെസ്യലേഖനം ആദ്യം എഴുതിയിരിക്കാം പക്ഷെ എത്തിക്കുവാൻ ആളില്ലാത്തതിനാൽ വിതരണം ചെയ്തിരിക്കയില്ല. ചിലർ വിശ്വസിക്കുന്നത് എഫെസ്യലേഖനം ആസ്യയിലുള്ള എല്ലാ സഭകൾക്കുമായി എഴുതിയതാണ് കാരണം അത് സംബോധന ചെയ്തത്, "എഫെസൊസിലെ സഹോദരന്മാർക്ക്" ആണ് (എഫെ. 1:1), ഒരു ഇടവകയെ പ്രത്യേകമായി പറയുന്നില്ല, കാരണം ചില കയ്യെഴുത്തുപ്രതികളിൽ, *എൻ എഫെസോ* വിട്ടുകളഞ്ഞു എഫെസോ ("എഫെസോസിൽ" നിന്ന്). കൂടാതെ, എഫെസ്യ ലേഖനത്തിൽ പൗലൊസ് സാധാരണ മാതൃകയായ ഒരു വ്യക്തിപരമായ സന്ദേശവും വന്ദനവും ഉൾപ്പെടുത്തുകയോ, താൻ അവിടെ മൂന്നുവർഷം താമസിച്ചപ്പോൾ ബന്ധപ്പെട്ട ആളുകളുടെ പേർ പറയുകയോ ചെയ്തില്ല (പ്രവൃ. 20:31). താൻ പ്രവർത്തിച്ച ആസ്യയിലെ വിശാലമായ സദസ്യരെ ഉദ്ദേശിച്ചുള്ള ലേഖനം ആയതിനാലാണ് പ്രത്യേകമായി ആളുകളുടെ പേർ എടുത്തു പറയാതിരുന്നത്.

ഹെർബർട്ട് എം. കാർസൺ "ലവുദിക്യയിൽനിന്നുള്ള ലേഖനമായിരുന്നു" എഫെസ്യ ലേഖനം എന്നതിന്റെ തെളിവുകൾ അവതരിപ്പിച്ചു:

> ആ ലേഖനം ഒരു സഭക്ക് മാത്രം എഴുതാതെ വിശാലമായ വിതരണത്തിനുള്ളതായിരുന്നു എന്ന് സാധാരണ അംഗീകരിക്കപ്പെട്ടിരുന്നു ...ആ ലേഖനം പ്രാദേശിക പ്രശ്നങ്ങളെയല്ല, സഭക്ക് മൊത്തത്തിൽ ആവശ്യമായ സത്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ ലേഖനം വഹിച്ചുകൊണ്ടുപോയത് തിഹിക്കൊസ് ആയിരുന്നു (എഫെ. 6:21). അവൻ തന്നെയാണ് കൊലൊസ്യലേഖനവും കൊണ്ടുപോയത്; ആ രണ്ടു ലേഖനങ്ങളും ഒരേ സമയത്ത് ഒരേ സ്ഥലങ്ങളിലേക്ക് എഴുതപ്പെട്ടതാണ് ആരംഭത്തിൽ എന്ന കാഴ്ച്ചപ്പാട് സ്ഥിരീകരിക്കുന്നു. അങ്ങനെയെങ്കിൽ "എഫെസ്യ" ലേഖനം ആസ്യയിലെ സഭകൾക്കായി എഴുതിയതും, അത് കൊലൊസ്യയിലേക്ക് അയക്കുന്നതിനു മുൻപ് ലവുദിക്യ പ്രദേശങ്ങളിലേക്ക് അയച്ചിരിക്കാം.[13]

ലവുദിക്യക്ക് എഴുതിയ ലേഖനത്തിന് എന്തു സംഭവിച്ചു എന്നതിനെ കുറിച്ച് നാം അധികം ചിന്തിക്കേണ്ട ആവശ്യമില്ല. തന്റെ വചനം ഒരിക്കലും ഒഴിഞ്ഞുപോകയില്ല എന്നു യേശു വാഗ്ദാനം ചെയ്തിരുന്നു (മത്താ 24:35). നമ്മുടെ ഇപ്പോഴത്തെ നിയമത്തിൽ നമുക്ക് ആവശ്യമുള്ളതെല്ലാം ഉണ്ട്. പൗലൊസിന്റെ ലേഖനങ്ങൾ സഭയിൽ വിതരണം ചെയ്തിരുന്നു എന്നതാണ് പ്രധാനം. കർത്താവിന്റെ കൽപനകൾ എന്ന പോലെ, അവന്റെ എഴുത്തുകൾ ആളുകൾ സ്വീകരിക്കണം എന്ന് അവൻ പ്രതീക്ഷിച്ചിരുന്നു (1 കൊ. 14:37). പത്രൊസിന്റെ ലേഖനങ്ങൾക്ക് തുല്യമായി പൗലൊസിന്റെ ലേഖനങ്ങളും ആളുകൾ സ്വീകരിച്ചിരുന്നു എന്നു മറ്റു അനുഭവസാക്ഷ്യങ്ങൾ വെളിപ്പെടുത്തുന്നു (2 പത്രൊ. 3:15, 16).

### “അർഹിപ്പൊസിനോട് പറയുക” (4:17)

അടുത്തതായി, പൗലൊസ് അർഹിപ്പൊസിനെ കുറിച്ചാണ് എഴുതിയത്. ആ പേരിന്റെ അർത്ഥം “യജമാനന്റെ കുതിര” എന്നാണ്. മിക്കവാറും അർഹിപ്പൊസ് പൗലൊസിന്റെ “കൂട്ടുവേലക്കാരൻ” ആയി ഫിലെമോൻ 2-ൽ കാണാം, അവൻ അപ്പിയയോടും ഫിലെമോനോടും ബന്ധപ്പെട്ടിരുന്നു. അവനെ കുറിച്ച് കൂടുതലൊന്നും നമുക്ക് അറിയില്ല. അവൻ ഒനേസിമോന്റെ യജമാനനായ ഫിലെമോന്റെ സഹോദരൻ അല്ലെങ്കിൽ മകനും കൊലൊസ്യ സഭയിലെ നായകനും ആയിരുന്നു എന്നു ചിലർ കരുതുന്നു. അവൻ ലവുദിക്യാ സഭയിലെ അംഗമായിരുന്നേക്കാം, എന്നാൽ കൊലൊസ്യ സഭയിലെ അംഗമായിരുന്നേക്കാം എന്നും പറയപ്പെടുന്നു.

“നമ്മുടെ സഹഭടൻ” എന്നു പറഞ്ഞ് പൗലൊസിന് അർഹിപ്പൊസിനോടും അവന്റെ വേലയോടുമുള്ള മതിപ്പ് പ്രകടിപ്പിച്ചിരിക്കുകയാണ് (ഫിലെ. 2). ശീതോഷ്ണാവസ്ഥയിലായിരുന്ന ലവുദിക്യ സഭയുടെ “ദൂതൻ” അല്ലെങ്കിൽ “സന്ദേശവാഹകൻ” ആയിരുന്നു അവനെന്ന് ചിലർ സംശയിക്കുന്നു (വെളി. 3:14). “ദൂതൻ” എന്നു തർജിമ ചെയ്ത വാക്ക് (*ആഞ്ചെലോസ്*) ഭൗമിക സന്ദേശ വാഹകനും ഉപയോഗിച്ചിട്ടുണ്ട് (മത്താ. 11:10; മർ. 1:2; ലൂക്കൊ. 7:21, 27; യാക്കൊ. 2:25), ലവുദിക്യയിലേക്ക് അയച്ച *ആഞ്ചെലോസ്* അവൻ ആയിരുന്നേക്കാം. ഫിലെമോൻ, അപ്പിയ എന്നിവരോടൊപ്പം അവനെയും ചോനെയിൽ വെച്ചു കല്ലെറിഞ്ഞു കൊന്നു എന്നാണ് പാരമ്പര്യം പറയുന്നത്.[14]

### “ ‘കർത്താവിൽ ലഭിച്ച ശുശ്രൂഷ നിവർത്തിപ്പാൻ നോക്കേണം’ ” (4:17)

**സൂക്ഷിപ്പിൻ** (*ബ്ലെപെ*) കൊലൊസ്യർ 2:8 ലേതുപോലെ ഒരു മുന്നറിയിപ്പ് ആയിരിക്കാം (ഗലാ. 5:15; എഫേ. 5:15; ഫിലി. 3:2 നോക്കുക). അർഹിപ്പൊസിന്റെ **ശുശ്രൂഷയെ** (*ഡിയാക്കോണിയ*) പൗലൊസ് വിശദീകരിക്കയോ അല്ലെങ്കിൽ ആർക്കാണ് പ്രബോധനം കൊടുക്കേണ്ടത് എന്നോ പറയുന്നില്ല. ഒരുപക്ഷെ കർത്താവിൽ അവൻ ചെയ്ത പ്രവൃത്തികൾ നിമിത്തം ഇടവക മുഴുവനും അവനെ പ്രോൽസാഹിപ്പിക്കണമായിരുന്നേക്കാം. അർഹിപ്പൊസിന്റെ ശുശ്രൂഷയെ സഭ അറിഞ്ഞുകാണുമെന്ന് പൗലൊസ് ഊഹിച്ചിരിക്കും.

അവൻ ചെയ്ത പ്രവൃത്തിയുടെ സ്വഭാവം പറഞ്ഞില്ലെങ്കിലും അർഹിപ്പോസിന്റെ വേലയെ കുറിച്ച് പൗലൊസ് പറഞ്ഞിരിക്കുന്നു. എഡ്വേർഡ് ലോഹ്സ് എഴുതി, “ ‘ശുശ്രൂഷ’ (*ഡയാകോണിയ*) എന്ന ആശയം വിവരിക്കുന്നത് കടമ നിർവ്വഹിക്കുക, അല്ലാതെ ഡീക്കൺ ആയി സേവിക്കുന്നതല്ല.”[15] വിധവമാരെ ഉപേക്ഷയായി വിചാരിക്കുന്ന പരാതി പരിഹരിക്കുവാൻ “ശുശ്രൂഷ” ക്കായി (*ഡയാക്കോണെയോ*) ഏഴു പുരുഷന്മാരെ തിരഞ്ഞെടുക്കുകയുണ്ടായി (പ്രവൃ. 6:2, 3). അവരെ തിരഞ്ഞെടുത്തത് ഡീക്കൺ ആയി പ്രവർത്തിക്കുവാനായിരുന്നില്ല, കാരണം അവർ “പരിശുദ്ധാത്മ നിറവുള്ളവരായിരുന്നു” എന്ന ഏക യോഗ്യത മാത്രമാണ് ആ കാര്യത്തിൽ അവർക്കുണ്ടായിരുന്നത് (പ്രവൃ. 6:3; അതുമായി 1 തിമൊ. 3:8-13 താരതമ്യം ചെയ്യുക).

അർഹിപ്പോസിന്റെ ശുശ്രൂഷ സുവിശേഷ പ്രചരണം നടത്തുന്നതോ അല്ലെങ്കിൽ, അംഗങ്ങളെ ഉപദേശിക്കുന്നതോ ആയിരുന്നേക്കാം. തിത്തൊസിനു നൽകിയതുപോലെ സഭയെ സംഘടിപ്പിച്ച് പക്വതയിലെത്തിക്കുക എന്ന ദൗത്യമായിരിക്കാം പൗലൊസ് അവന് കൊടുത്തിരുന്നത് (തിത്തൊ. 1:5),

അല്ലെങ്കിൽ ഏഴു പേർക്ക് കൊടുത്തതുപോലെ ധർമ്മോപകാര പ്രവൃത്തിയായിരിക്കാം നൽകിയത്. ഇവയിൽ ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ എല്ലാമോ ചെയ്ത അർഹിപ്പൊസ് തിരക്കുള്ള ശുശ്രൂഷകനായിരുന്നു.

അർഹിപ്പൊസിനെ പോലെ ഓരോ അംഗവും തന്നിൽ നിക്ഷിപ്തമായ ദൗത്യം ശ്രദ്ധയോടെ വേണം കർത്താവിനെ ശുശ്രൂഷിക്കുവാൻ. “മനുഷ്യർക്കെന്ന പോലെയല്ല, കർത്താവിനെന്ന പോലെ ഹൃദയത്തിന്റെ ഏകാഗ്രതയിൽ” വേല ചെയ്യുവാനാണ് പൗലൊസ് ദാസന്മാരോട് പറഞ്ഞത് (കൊലൊ. 3:23). കർത്താവിനായി സഭയിലെ അംഗങ്ങളെല്ലാം അന്യോന്യം പ്രോൽസാഹിപ്പിച്ച് തങ്ങളുടെ പ്രവൃത്തി ഉൽസാഹത്തോടെ ചെയ്യണം.

## അവസാന അഭിപ്രായങ്ങൾ (4:18)

**18പൗലൊസായ എന്റെ സ്വന്ത കയ്യാലെ വന്ദനം! എന്റെ ബന്ധനങ്ങളെ ഓർത്തുകൊൾവിൻ. കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ.**

### “പൗലൊസായ എന്റെ സ്വന്ത കയ്യാലെ വന്ദനം!” (4:18)

**പൗലൊസ്** ലേഖനം മുഴുവനും തന്നെ കൊലൊസ്യർക്കായി എഴുതുകയായിരുന്നോ അതോ പറഞ്ഞുകൊടുത്ത് എഴുതിക്കുകയായിരുന്നോ? അവൻ ലേഖനം പറഞ്ഞുകൊടുത്ത് എഴുതിക്കുകയും, അവസാനം **സ്വന്ത കൈകൊണ്ട്** വന്ദനം എഴുതി ഒപ്പുവെക്കുകയായിരുന്നു എന്ന് അസംഖ്യം വ്യാഖ്യാതാക്കൾ കരുതുന്നു, അത് അപ്പൊസ്തലത്വത്തെ മുദ്ര വെക്കുന്നതുപോലെ ആയിരുന്നു-അത് സൂക്ഷ്മത ഉറപ്പിക്കുന്നതായിരുന്നു. ഗ്രീക്ക് റോമാ ലോകത്ത് ഒരു എഴുത്ത് പറഞ്ഞുകൊടുത്ത് എഴുതിച്ചിട്ട് അവസാനം സ്വന്ത കൈകൊണ്ട് ഒപ്പിടുന്നത് നിലനിന്ന സമ്പ്രദായമായിരുന്നു. പൗലൊസിന്റെ വ്യക്തിപരമായ വന്ദനങ്ങളും ഒപ്പും മറ്റു ലേഖനങ്ങളിലും കാണാം (1 കൊ. 16:21; ഗലാ. 6:11; 2 തെസ്സ. 3:17; ഫിലെ. 19). തെർത്തോസ് റോമർക്ക് എഴുതിയപ്പോൾ മാത്രമാണ് താൻ പൗലൊസിനു വേണ്ടി എഴുതുന്നു എന്നു പറഞ്ഞത് (റോമർ 16:22).

### “എന്റെ ബന്ധനം ഓർത്തുകൊൾവിൻ” (4:18)

പൗലൊസിനു വേണ്ടി പ്രാർത്ഥിക്കുവാൻ പറഞ്ഞത് ചുരുക്കമായിട്ടായിരുന്നു. അത് പൗലൊസിന്റെ അവസ്ഥയെ കുറിച്ച് ധാരാളം പറയുന്നു, പക്ഷെ തന്റെ വ്യക്തിപരമായ സാഹചര്യത്താൽ അവൻ ആരെയും ഭാരപ്പെടുത്തുവാൻ ആഗ്രഹിച്ചില്ല. **ഓർക്കുക** എന്ന വാക്ക് (*മ്നെമോണേയുവോ*) യെരുശലേമിലെ അദ്ധ്യക്ഷന്മാരുടെ പ്രബോധനവും ഉൾപ്പെട്ടതാണ്: “ദരിദ്രരെ ഓർത്തുകൊൾവിൻ” (ഗലാ. 2:10). കൊലൊസ്യർ അത് പ്രാർത്ഥനയാലും കഴിവുണ്ടെങ്കിൽ സാമ്പത്തികസഹായവും നിമിത്തമായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഈ വിധത്തിൽ ആയിരുന്നു ഫിലിപ്പിയ സഭ പൗലൊസിനെ ഓർമ്മിച്ചത് (ഫിലി. 4:15, 16). തന്റെ അപ്പൊസ്തൊലിക അധികാരത്തെ അംഗീകരിക്കുവാനായിരുന്നു അതെന്ന കാര്യം ചില വ്യാഖ്യാതാക്കൾ കരുതുന്നത് തള്ളിക്കളയാവുന്നതാണ്, കാരണം അവൻ അവന്റെ തടവിനെ കുറിച്ചാണ് പറയുന്നത്, അപ്പൊസ്തല അധികാരം സ്ഥിരീകരിച്ചു കഴിഞ്ഞിരുന്നു (1:1).

**“കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ” (4:18)**

തന്റെ വായനക്കാരിൽ ദൈവത്തിന്റേയും യേശുവിന്റേയും **കൃപ** പകരുവാൻ തന്റെ ലേഖനത്തിന്റെ ആരംഭത്തിലും അവസാനത്തിലും ആശംസിക്കുന്നത് പൗലൊസിന്റെ പതിവായിരുന്നു.[16] ദൈവത്തിന്റെ നന്മയിലുള്ള തന്റെ ആശ്രയവും, സഹക്രിസ്ത്യാനികളോടുള്ള അവന്റെ വലിയ സ്നേഹവും കാണിച്ചുകൊണ്ടാണ് പൗലൊസ് തന്റെ ലേഖനം അവസാനിപ്പിക്കുന്നത്. ഈ വിധത്തിലാണ് തനിക്ക് തന്റെ വായനക്കാരോടുള്ള താൽപര്യം പ്രദർശിപ്പിച്ചത്. ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കായുള്ള തന്റെ പ്രത്യാശ വെളിപ്പെടുത്തി വായനക്കാരിലേക്ക് എത്തിക്കുന്ന പ്രശംസനീയമായിട്ടാണ് ലേഖനം അവസാനിപ്പിക്കുന്നത്.

## പ്രായോഗികത

**ക്രിസ്തുവിനുവേണ്ടി ഒരുമിച്ച് പ്രവർത്തിക്കൽ (4:10–14)**

കഴിഞ്ഞകാല തെറ്റുകളിൽനിന്നു മോചനം പ്രാപിച്ച രണ്ട് പേർ പൗലൊസിനോടുകൂടെ ഉണ്ടായിരുന്നു. യജമാനനെ വിട്ട് ഓടിപ്പോയ ഒനേസിമോസ്. പൗലൊസ് അവനെ കാണുകയും അവനെ ക്രിസ്തുവിലേക്ക് കൊണ്ടുവരികയും ചെയ്തു. അവനോട് സുവിശേഷം അറിയിക്കുവാൻ അവന്റെ യജമാനനായിരുന്ന ഫിലെമോനിൽനിന്ന് പൗലൊസിന് അതിനുള്ള അനുവാദം ലഭിച്ചിരിക്കാം. ഒന്നാമത്തെ മിഷ്ണറി യാത്രയിൽ പൗലൊസിനോടും ബർന്നബാസിനോടും കൂടെ ഉണ്ടായിരുന്ന മർക്കൊസ് പെർഗയിൽ വെച്ച് അവരെ വിട്ടു വീട്ടിലേക്ക് മടങ്ങി പോയി (പ്രവൃ. 13:13). പിന്നീട്, രണ്ടാമത്തെ മിഷ്ണറി യാത്രക്ക് ഒരുങ്ങിയപ്പോൾ, പൗലൊസിന് അവനെ കൂട്ടുവാൻ മനസില്ലായിരുന്നു (പ്രവൃ. 15:38), പിന്നെ അവൻ പൗലൊസിന്റെ വിശ്വാസം നേടുകയും പൗലൊസ് അവനെ പ്രോൽസാഹിപ്പിക്കുകയും ചെയ്തു.

*ആളുകൾക്ക് തങ്ങളുടെ ഭൂതകാലത്തിൽ നിന്നു മോചനം നേടുവാൻ കഴിയും.* പത്രൊസ്, കർത്താവിനെ തള്ളിപ്പറഞ്ഞിരുന്നു എങ്കിലും പിന്നീട് അവൻ പ്രധാനപ്പെട്ട അപ്പൊസ്തലനായി തീർന്നു. ഏഴു ഭൂതങ്ങൾ പിടിപെട്ടവൾ ആയിരുന്നിട്ടും, മഗ്ദലന മറിയ ഒരു വിശ്വസ്ത അനുയായി ആയി (ലൂക്കൊ. 8:2). കൊരിന്ത്യയിലെ ചില ക്രിസ്ത്യാനികൾ ദുർന്നടപ്പിലാണ് ജീവിക്കുന്നതെന്ന് പൗലൊസ് ഓർപ്പിച്ചു (1 കൊ. 6:9–11).

യേശു പാപികളോടും ചുങ്കക്കാരോടും കൂടെ നടന്നു (മത്താ. 9:10, 11; 11:19). ആളുകൾ തനിക്ക് വേണ്ടി ആരായി തീരും എന്നതിനേക്കാൾ പ്രാധാന്യം മുൻപ് അവർ ആരായിരുന്നു എന്നതിന് യേശു കൊടുക്കുന്നില്ല. ഒരു സ്ത്രീയെ വ്യഭിചാരത്തിൽ പിടിച്ചുകൊണ്ടുവന്നവർ പിരിഞ്ഞുപോയപ്പോൾ, അവൻ സ്ത്രീയോട്, “ഞാനും നിനക്ക് കുറ്റം വിധിക്കുന്നില്ല, ഇനി പാപം ചെയ്യരുത്” (യോഹ. 8:11).

ആളുകളുടെ ജീവിതത്തെ മാറ്റുവാനും അവരെ തന്റെ വിശ്വസ്ത ദാസന്മാരാക്കുവാനും യേശുവിനു കഴിയും. ക്രസ്ത്യാനികളായി തീർന്നശേഷം അവരുടെ മുൻകാല പാപങ്ങളെ ഒരിക്കലും അവർക്കെതിരെ ഉപയോഗിക്കരുത്. കർത്താവിന്റെ സഹായത്താൽ അവർക്ക് കർത്തൃവേലയിൽ വലിയ കാര്യങ്ങൾ ചെയ്യുവാൻ കഴിയും. നാമും ആളുകളുടെ ഭൂതകാലത്തെ ചുഴിഞ്ഞു നോക്കാതെ അവർക്ക് ആരായി തീരുവാൻ കഴിയും എന്നാണ് നോക്കേണ്ടത്.

*വ്യത്യസ്ത പശ്ചാത്തലമുള്ളവർക്ക് യോജിച്ച് പ്രവർത്തിക്കുവാൻ കഴിയും.* യേശുവിന്റെ അനുയായികളായതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. അത് ക്രിസ്തുവിന്റെ എല്ലാ അനുയായികളെ സംബന്ധിച്ചും വാസ്തവമാണ്. നാം എല്ലാം ഏകശരീരത്തോടു ചേരുവാൻ സ്നാനമേറ്റവരാണ് (1 കൊ. 12:13). നാം ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുമ്പോൾ പിന്നെ നാം യെഹൂദനോ യവനനോ എന്നില്ല "ക്രിസ്തുയേശുവിൽ നാം എല്ലാവരും ഒന്നാകുന്നു" (ഗലാ. 3:27, 28).

*നമ്മുടെ വർഗമോ പശ്ചാത്തലമോ ഏതായാലും നാമെല്ലാം യേശുവിനായി യോജിച്ച് പ്രവർത്തിക്കണം.* യെഹൂദന്മാരെയും ജാതികളെയും തമ്മിൽ വേർപെടുത്തി നിർത്തിയ ന്യായപ്രമാണത്തെ അവൻ ക്രൂശിലെ മരണത്താൽ നീക്കം ചെയ്തു. അങ്ങനെ ക്രൂശിലെ മരണത്താൽ ഏകശരീരത്തിൽ ആളുകളെ അവന് ദൈവത്തോടു നിരപ്പിക്കുവാൻ കഴിഞ്ഞു (എഫെ. 2:14-16).

*ദൈവരാജ്യത്തിലായിരിക്കണം നമ്മുടെ ശ്രദ്ധ.* ബൈബിളിലെ ഏറ്റവും മുഖ്യമായ വിഷയമാണ് ദൈവരാജ്യം. അത് റോമാസാമ്രാജ്യ കാലയളവിൽ സ്ഥാപിതമാകും എന്ന് ദാനിയേൽ പ്രവചിച്ചിരുന്നു. ആസന്നമായ ദൈവരാജ്യത്തെ (സ്വർഗ) കുറിച്ച് യോഹന്നാനും, യേശുവും, അപ്പൊസ്തലന്മാരും, എഴുപതു ശിഷ്യന്മാരും പ്രസംഗിച്ചു (മത്താ. 3:2; 4:17; 10:7; ലൂക്കൊ. 10:9, 11).

യേശു സ്വർഗാരോഹണം ചെയ്യുന്നതിനു മുൻപ് അവസാനമായി സംസാരിച്ചത് ദൈവരാജ്യത്തെ കുറിച്ചായിരുന്നു (പ്രവൃ. 1:4-8). ശമര്യരോട് ഫിലിപ്പൊസ് സംസാരിച്ചത് ദൈവരാജ്യത്തെ കുറിച്ചായിരുന്നു (പ്രവൃ. 8:12). പ്രവൃത്തികളുടെ പുസ്തകത്തിൽ പൗലൊസിനെ കുറിച്ച് അവസാനം പറയുന്നതും അവൻ ദൈവരാജ്യത്തെ കുറിച്ചു പ്രസംഗിച്ചതായിട്ടാണ് (പ്രവൃ. 28:31), അതായിരുന്നു അവന്റെ ശുശ്രൂഷയുടെ ലക്ഷ്യവും ഭാരവും (പ്രവൃ. 20:25).

ഒരു മനുഷ്യൻ വയലിൽ കണ്ടെടുത്ത നിധി പോലെ വിലയുള്ളതാണ് ദൈവരാജ്യം, അത് വലിയ വിലയുള്ള ഒരു മുത്ത് പോലെയാണ്. അത് തനിക്ക് സ്വന്തമാക്കുവാൻ തനിക്കുള്ളതെല്ലാം വിറ്റുകളഞ്ഞു (മത്താ. 13:44-46). രാജ്യത്തിന്റെ മാഹാത്മ്യം നിമിത്തം അതിന്റെ സേവനത്തിനും പ്രചരണത്തിനുമായി നമ്മുടെ ജീവിതം നാം സമർപ്പിക്കണം. അങ്ങനെയാണ് രാജ്യത്തിന്റെ രാജാവിനെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നത്.

പൗലൊസിനോടുകൂടെ ഉണ്ടായിരുന്നവരെ പോലെ നമുക്കും രാജ്യത്തിനായി കൂട്ടുവേലക്കാരാകുവാൻ കഴിയും. സുവിശേഷ പ്രാസംഗികർക്ക് പുറകിലാകാതെ അവരോട് ചേർന്നു യോജിച്ചു പ്രവർത്തിക്കുവാനായിരുന്നു പൗലൊസ് കൊരിന്ത്യരെ പ്രബോധിപ്പിച്ചത് (1 കൊ. 1:10-13), നാം ക്രിസ്തുവിന്റെ കൂട്ടുവേലക്കാരായി തീരണം (1 കൊ. 3:9). അവരെല്ലാം ഒരേവശത്തു നിന്നാണ് പ്രവർത്തിച്ചത്. അക്കാരണത്താൽ ഒരു ഉപദേഷ്ടാവ് മറ്റുള്ളവരിൽനിന്നും യേശുവിൽനിന്നും വേറിട്ടു നിന്നിരുന്നില്ല.

പലപ്പോഴും മൽസരവും, അസൂയയും പകയും രാജ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവരിൽ ഉണ്ടാകും. നമ്മുടെ പോരാട്ടം അന്യോന്യം ആയിരിക്കരുത്. നമ്മുടെ പോരാട്ടം മുഖ്യശത്രുവായ പിശാചിനോടും അവന്റെ ദൂതന്മാരോടും ആയിരിക്കണം (എഫെ. 6:11, 12).

ക്രിസ്തുവിനുവേണ്ടി ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ, നാം ഉൽസാഹത്തോടെ പ്രവർത്തിക്കണം. നമ്മുടെ കഴിഞ്ഞകാല പാപങ്ങളിൽനിന്നു നമ്മെ രക്ഷിച്ചിരിക്കയാൽ, നാം യോജിച്ച് പ്രവർത്തിക്കയും നമ്മുടെ ശ്രദ്ധ ദൈവരാ

ജ്യത്തിൽ ഊന്നുകയും വേണം.

**വിശ്വസ്ത കൂട്ടുകാർ (4:10–14)**

തന്നോടുകൂടെ പ്രവർത്തിച്ചവരെ കുറിച്ച് പൗലൊസ് ക്രിയാത്മക പ്രസ്താവനകളാണ് നടത്തിയത്. നമ്മുടെ സഹപ്രവർത്തകരെ കുറിച്ച് നാം നല്ലതു സംസാരിക്കുമ്പോൾ, നമ്മെ കുറിച്ച് അവരും നല്ലതു സംസാരിക്കുവാൻ തയ്യാറാകും. മറ്റുള്ളവർക്ക് അനുഗമിക്കാവുന്ന നല്ല മാതൃകയാണ് പൗലൊസിന്റെ സഹപ്രവർത്തകർ.

*വിശ്വസ്ത സ്നേഹിതൻ.* എഫെസൊസിൽ വെച്ച് രോഷാകുലരായ ജനക്കൂട്ടം അവനെ രംഗസ്ഥലത്തേക്ക് വലിച്ചിഴച്ചുകൊണ്ടുപോയിട്ടും അരിസ്തർഹൊസ് വിശ്വസ്ത ക്രിസ്ത്യാനിയായി തന്നെ ജീവിച്ചു (പ്രവൃ. 19:29) അവൻ പൗലൊസിനോടുകൂടെ സഞ്ചരിക്കുകയും (പ്രവൃ. 20:4) പൗലൊസ് തടവിലായിട്ടും അവനോട് ചേർന്നു തന്നെയായിരുന്നു (പ്രവൃ. 27:2). എല്ലാ ക്രിസ്ത്യാനികൾക്കും വിശ്വസ്തനായ ഒരു സ്നേഹിതൻ ആവശ്യമാണ്. നമുക്ക് മറ്റുള്ളവരോട് നല്ല സ്നേഹിതന്മാരാകാം.

*പക്വതയുള്ള സഹോദരൻ.* മർക്കൊസ് അവിശ്വസ്ത യുവത്വത്തിൽനിന്നു പ്രയോജനമുള്ള കർത്താവിന്റെ ദാസനായി മാറി. യുവത്വത്തിലെ തെറ്റ് കർത്താവിനെ സേവിക്കുന്നതിന് തടസമായി എടുക്കരുത്. ഇത്തരത്തിൽ വളരുന്നവരെ നാം സ്വീകരിച്ച് അവരുടെ യുവത്വത്തെ പ്രോൽസാഹിപ്പിക്കണം.

*മറ്റൊരു പ്രബോധകൻ.* യേശുവിനെ അനുഗമിപ്പാൻ തന്റെ മുൻപിലത്തെ മതത്തെ, മറ്റുള്ളവരോടൊപ്പം ഉപേക്ഷിച്ചവരുടെ മാതൃകയാണ് യൂസ്തൊസ്. തന്റെ യെഹൂദ പൈതൃകം ഉപേക്ഷിച്ച ശേഷം, യേശുവിനെ കുറിച്ച് പഠിക്കുവാൻ മറ്റുള്ളവരെ സഹായിച്ചുപോന്നു. അവനും മറ്റുള്ളവരും തങ്ങളുടെ മതങ്ങളെ ഉപേക്ഷിക്കുക മാത്രമല്ല, ദൈവത്തിന്റെ മഹത്തായ സേവകനായ പൗലൊസിനെ പ്രോൽസാഹിപ്പിക്കുകയും ചെയ്തു.

*സ്ഥിരോൽസാഹിയായ ദാസൻ.* എപ്പഫ്രാസിനെ ഒരു “ടീം-വർക്കർ” എന്നാണ് വിളിക്കേണ്ടത്. തനിക്ക് വേണ്ടി വേല ചെയ്യാതെ മറ്റുള്ളവർക്കു വേണ്ടി ജോലി ചെയ്യുന്നതിനുള്ള ഉദാഹരണമായിരുന്നു അവൻ. അവനെ കുറിച്ച് പൗലൊസ് താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പറഞ്ഞിരിക്കുന്നു:

(1) അവൻ യേശുവിന്റെ ദാസനായി അല്ലെങ്കിൽ അടിമയായിട്ടാണ് സേവിച്ചിരുന്നത് (1:7; 4:12). നാം നമുക്കുള്ളവരല്ല, കാരണം നമ്മെ രക്തം കൊടുത്തു വിലക്കു വാങ്ങിയതാണ് (പ്രവൃ. 20:28; 1 കൊ. 6:19, 20). അക്കാരണത്താൽ നാം ചെയ്യുന്നതെല്ലാം അവന്റെ ഇഷ്ടം ആയിരിക്കണം. വിശ്വസ്ത സേവനം ആവശ്യമാണ്. ശരിയായത് പറയുക എന്നത് പ്രാധാന്യമുള്ളതാണ്, അതേ സമയം ശരിയായത് ചെയ്യുകയും വേണം (മത്താ. 7:21; ലൂക്കൊ. 6:46).

(2) അവൻ മറ്റുള്ളവരെ ഉൽസാഹത്തോടെ ശുശ്രൂഷിച്ചു. നിസ്വാർത്ഥ സേവനത്തിന്റെ അന്തിമ ഉദാഹരണം യേശുവാണ്. അവൻ തന്നെ പ്രസാദിപ്പിക്കുവാനല്ല ശ്രമിച്ചത്, മറിച്ച്, അവൻ മറ്റുള്ളവരെ ശുശ്രൂഷിക്കുകയാണ് ചെയ്തത് (റോമർ 15:3). അവൻ പ്രപഞ്ചത്തിന്റെ യജമാനനാണെങ്കിലും, തന്നെത്താൻ താഴ്ത്തി ഒരു ദാസന്റെ രൂപം എടുത്തു (മത്താ. 20:25–28; ഫിലി. 2:7). ക്രിസ്ത്യാനികൾ അതേപോലെ ശുശ്രൂഷിപ്പാൻ ശീലിക്കണം.

(3) അവൻ മറ്റുള്ളവരെ കുറിച്ച് കരുതലുള്ളവനായിരുന്നു. അവരുടെ ക്ഷേമ-ത്തിൽ അവനുള്ള താൽപര്യം നിമിത്തമായിരുന്നു എപ്പഫ്രാസ് അവരെ

ശുശ്രൂഷിച്ചത്. ഹൃദയംഗമമായ സേവനം നടത്തുന്നതിനു മുൻപ്, സേവിക്കുവാൻ പോകുന്നവരെ കുറിച്ച് ഒരു കരുതൽ ഉണ്ടായിരിക്കണം. പൗലൊസിന്റെ കൂടെയുള്ളവർക്ക് വിവിധ ഇടവകകളോട് പ്രത്യേക താൽപര്യം ഉണ്ടായിരുന്നു. കൊലൊസ്യയിൽ ഇടവക ആരംഭിക്കുവാൻ യത്നിച്ചതിനാലും, അവിടെയുള്ള സഹോദരന്മാർക്കിടയിൽ പ്രവർത്തിച്ചിരുന്നതിനാലും ആയിരിക്കാം കൊലൊസ്യ സഭയോട് അവന് പ്രത്യേക താൽപര്യം ഉണ്ടായിരുന്നത്.

(4) അവൻ മറ്റുള്ളവർക്ക് വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചിരുന്നു. എപ്പഫ്രാസ് കൊലൊസ്യരോടൊപ്പം ആയിരുന്നില്ല എങ്കിലും, അവരെ സഹായിക്കുവാൻ എന്തു ചെയ്യാമായിരുന്നുവോ അവൻ അത് ചെയ്തു. പ്രത്യേകിച്ച് അവൻ അവർക്കായി പ്രാർത്ഥിച്ചു. വിശ്വാസികൾ അന്യോന്യം പ്രാർത്ഥിക്കണം. ചില സാഹചര്യത്തിൽ നാം സ്നേഹിക്കുന്നവർക്ക് വേണ്ടി ചെയ്യാവുന്ന ഏറ്റവും വലിയ കാര്യമാണ് പ്രാർത്ഥന.

*അന്തരത്തിലായിരുന്ന സഹോദരന്മാർ.* ദേമാസിന്റേതിൽനിന്നു വ്യത്യാസമുള്ള ജീവിതമായിരുന്നു ലൂക്കൊസിന്റേത്. ലൂക്കൊസ് യേശുവിനോടും പൗലൊസിനോടും കൂടെ വാസ്തവത്തിൽ ചേർന്നിരുന്നു, എന്നാൽ ദേമാസ് ലോകത്തെ സ്നേഹിച്ച് അവരെ വിട്ടുപോയി (2 തിമൊ. 4:10, 11). മനുഷ്യർക്ക് സ്വാതന്ത്ര്യമുണ്ട്. യേശുക്രിസ്തുവിന്റെ ഏറ്റവും വലിയ ദാസനായിരുന്ന, പൗലൊസിനോടുകൂടെ പ്രവർത്തിച്ചിട്ടും ദേമാസ് അവിശ്വസ്തനായി തീർന്നു. അതുപോലെ യൂദാ യേശുവിനെ ഉപേക്ഷിച്ചു പോയി. എല്ലാ ക്രിസ്ത്യാനികളും പൗലൊസിന്റെ മുന്നറിയിപ്പ് ശ്രദ്ധിക്കണം: "നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ" (1 കൊ. 10:12).

ലോകത്തോടുള്ള സ്നേഹത്തിൽ പെടുന്നതാണ്, ദ്രവ്യാഗ്രഹം, സ്വസ്നേഹം, സുഖ ഭോഗം (1 തിമൊ. 6:10; 2 തിമൊ. 3:2, 4). ആ അപകടങ്ങൾ 1 യോഹന്നാൻ 2:15, 16 ൽ ചുരുക്കി പറഞ്ഞിരിക്കുന്നു:

> ലോകത്തെയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ, അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിൽനിന്നുള്ളതെല്ലാം പിതാവിൽനിന്നല്ല ലോകത്തിൽനിന്നത്രെ ആകുന്നു.

### "ശുശ്രൂഷ നിവർത്തിക്ക" (4:15-18)

പൗലൊസിന്റെ വ്യക്തിപരമായ വന്ദനങ്ങൾക്ക് ശേഷം, ഈ ലേഖനം ലവുദിക്യയിൽ കൂടെ വായിച്ചു കേൾപ്പിക്കുവാനായിരുന്നു അവൻ അപേക്ഷിച്ചത്. തനിക്ക് ലഭിച്ച ശുശ്രൂഷ നിവർത്തിപ്പാനായി അർഹിപ്പൊസിനോട് പ്രത്യേകമായി അവൻ പറഞ്ഞിരിക്കുന്നു.

*സഭയ്ക്കു വേണ്ടിയുള്ള കരുതൽ.* താൻ സന്ദർശിച്ചിട്ടില്ലാത്ത ഇടവകകളടക്കം ലോകത്തുള്ള കർത്താവിന്റെ എല്ലാ സഭകളെയും കുറിച്ച് പൗലൊസിന് താൽപര്യമുണ്ടായിരുന്നു. ഇത് അവൻ കൊലൊസ്യരോട് അറിയിക്കുന്ന അവസാന വന്ദനങ്ങളിലും, ലേഖനത്തിലെ അവന്റെ ആദ്യ പ്രസ്താവനയിലും കാണാം: "നിങ്ങൾക്കും ലവുദിക്യയിലുള്ളവർക്കും എന്റെ മുഖം കണ്ടിട്ടില്ലാത്തവർക്കും" (2:1). കൊരിന്ത്യർക്കുള്ള ലേഖനത്തിൽ തന്റെ വ്യക്തിപരമായ കഷ്ടതകളെ കുറിച്ച് പറഞ്ഞിട്ടു തുടർന്നു, "അസാധാരണ സംഗതികൾ അനു

ഭവിച്ചതു കൂടാതെ എനിക്ക് സർവ്വസഭകളെയും കുറിച്ചുള്ള കഠിനഭാരം എന്ന തിരക്കും ഉണ്ട്" (2 കൊ. 11:28).

കർത്താവിന്റെ ശരീരത്തെ കുറിച്ച് നമ്മളും അതേ കരുതലും താൽപര്യവുംം കാണിക്കണം. നാം പ്രാദേശിക സഭയാകുന്ന കുടുംബത്തിലെ ക്രിസ്ത്യാനികൾ മാത്രമല്ല, ക്രിസ്തു തലയാകുന്നു വലിയ ഒരു കൂട്ടായ്മയിലെയും അംഗങ്ങളാണ്. ഇവിടെ ഭൂമിയിലായിരിക്കുമ്പോൾ ദൈവഭവനത്തിലെ അംഗങ്ങളാണ്, അതേസമയം സ്വർഗീയ സൈന്യത്തോടൊപ്പം സ്വർഗിയ ഭവനത്തിലെ അംഗങ്ങളുമാണ് നാം ഓരോരുത്തരും (എഫെ. 3:15; മറ്റു ഭാഗത്ത് കാണുന്നത്, ലൂക്കൊ. 2:4; പ്രവൃ. 3:25). അക്കാരണത്താൽ നാം പ്രവർത്തിക്കുകയും എല്ലാ ക്രിസ്ത്യാനികൾക്കും വേണ്ടി പ്രാർത്ഥിക്കുകയും വേണം.

പ്രാദേശിക ഇടവകയോട് നമുക്ക് ആദരവും സമർപ്പണവും ഉണ്ടായിരിക്കണം, അതോടൊപ്പം നാം ക്രിസ്തുവിന്റെ എല്ലാ ആളുകളിലും താൽപര്യം കാണിക്കണം. മറ്റു പ്രദേശങ്ങളിലുള്ള ക്രിസ്തുവിന്റെ സഭകളെ തന്റെ ലേഖനങ്ങളിൽ സൂചിപ്പിക്കുകയും വന്ദനം അറിയിക്കുകയും ചെയ്തിരുന്നു, റോമയിലുള്ള സഭയ്ക്ക് വന്ദനം അറിയിച്ചിരുന്നു (റോമർ 16:16). സർവ്വലോകത്തിലുമുള്ള ക്രിസ്തുവിന്റെ സഭകളെ കുറിച്ച് ആദ്യ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന കരുതൽ നമുക്കും ഉണ്ടായിരിക്കണം.

*വചനത്തിന്റെ ആധികാരികതയെ ബഹുമാനിക്കുക.* ഒന്നാം നൂറ്റാണ്ടിലെ സഭകൾക്ക് എല്ലാം പൗലൊസിന്റെ ലേഖനങ്ങൾ പ്രാധാന്യമുള്ളവയായിരുന്നു, അവയെ അതേ ആധികാരികതയോടെ വേണം നാമും കണക്കാക്കുവാൻ. ആ ലേഖനങ്ങൾ വായിച്ചശേഷം മറ്റു ഇടവകകളിലും വായിച്ചു കേൾപ്പിക്കണം എന്നു പറഞ്ഞപ്പോൾ അതിന്റെ പ്രാധാന്യം അവൻ തിരിച്ചറിഞ്ഞിരുന്നു.

അവന് ആ സന്ദേശം ലഭിച്ചത് മനുഷ്യരിൽനിന്നായിരുന്നില്ല, മറിച്ച് യേശു ക്രിസ്തുവിൽനിന്നായിരുന്നു (ഗലാ. 1:11, 12). യേശു പരിശുദ്ധാത്മാവിനാൽ വെളിപ്പെടുത്തി കൊടുത്തതും, ആളുകൾ അവ വായിച്ച് ഗ്രഹിക്കുന്നതിനും പാലിക്കുന്നതിനുമായിരുന്നു (2 കൊ. 1:13; എഫെ. 3:3-5). അവയിൽ പൗലൊസിന്റെ ചിന്തയോ അല്ലെങ്കിൽ മനുഷ്യരുടെ ചിന്തയോ അല്ല അടങ്ങിയിരുന്നത്; അവ ക്രിസ്തുവിന്റെ കൽപനകളായി ആളുകൾ സ്വീകരിക്കണം (1 കൊ. 14:37).

പൗലൊസിന്റെ ലേഖനങ്ങളെല്ലാം തനിക്ക് ലഭിച്ച പരിജ്ഞാനത്തിന്റെ ഫലമായിരുന്നു എന്നു പത്രൊസും സമ്മതിച്ചിരുന്നു. മറ്റു തിരുവെഴുത്തുകൾ പോലെ അവയും, ദൈവം-നൽകിയ തിരുവെഴുത്തായി സ്വീകരിക്കണം എന്ന മുദ്ര നൽകി ഉറപ്പിച്ചിരുന്നു (2 പത്രൊ. 3:15, 16).

സഭകളിൽ ഇന്ന് നാം പൗലൊസിന്റെ ലേഖനങ്ങൾക്ക് അതേ ആധികാരികത നൽകണം. ക്രിസ്ത്യാനികൾ അവ വായിക്കുകയും, മനസിലാക്കുകയും, അനുസരിക്കുകയും വേണം. കാരണം അവയിൽ യേശുവിന്റെ കൽപനകളാണുള്ളത്. മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ സുവിശേഷ വിവരണങ്ങളിലെ യേശുവിന്റെ വാക്കുകളെ നാം ബഹുമാനിക്കുന്നതുപോലെ തന്നെ അവയെയും ബഹുമാനിക്കണം.

*അവന്റെ നാമത്തിനായി നമ്മുടെ താലന്തുകളെ ഉപയോഗിപ്പാൻ നാം ഉൽസാഹിക്കണം.* അവന്റെ ശുശ്രൂഷ നിവർത്തിപ്പാനായിരുന്നു പൗലൊസ് അർഹിപ്പൊസിനോട് പറഞ്ഞത്. അതേ ആവശ്യം നമ്മെ എല്ലാവരേയും ഇന്നും ബാധിക്കുന്നതാണ്-നാം പൂർണ്ണമായും യേശുവിനോടുള്ള സേവനത്തിൽ ഉറ്റിരിക്കണം. ഒരേ രീതിയിലുള്ള സേവനം അല്ല നമ്മിൽ എല്ലാവരിൽ നി

ന്നും പ്രതീക്ഷിക്കുന്നത്.

ആദ്യ ക്രിസ്ത്യാനികൾക്ക് നൽകിയ വ്യക്തിപരമായ കഴിവുകളെ കുറിച്ച് മറ്റൊരു ഭാഗത്ത് പൗലൊസ് പറഞ്ഞിരിക്കുന്നു, "അവൻ ചിലരെ അപ്പൊസ്തലന്മാരായും, ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകന്മാരായും, ചിലരെ ഇടയന്മാരായും, ചിലരെ ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു" (എഫെ. 4:11). ക്രിസ്ത്യാനികളെ അത്തരം സ്ഥാനങ്ങളിൽ സേവനം ചെയ്യുവാൻ നിയോഗിക്കുമ്പോൾ, അത് ക്രിസ്തുവിന്റെ ശരീരം പണിയപ്പെടേണ്ടതിനാണ് എന്നോർക്കുക (എഫെ. 4:12), ആ അടിസ്ഥാനം മുൻപ് തന്നെ ഇട്ടിരിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിന്റെ എല്ലാ പ്രവൃത്തികളും അതിൽ ഉൾപ്പെടുത്തിയിട്ടില്ല.

എല്ലാവരും അപ്പൊസ്തലന്മാരോ പ്രവാചകന്മാരോ അല്ലെങ്കിൽ ഉപദേഷ്ടാക്കന്മാരോ അല്ല (1 കൊ. 12:29). അപ്പൊസ്തലന്മാർ സഭയുടെ അടിസ്ഥാനമായിരുന്നു (എഫെ. 2:20), ആരംഭ സഭ ചെയ്തുവന്നതുപോലെ, നാമും അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ തുടർന്നു പോകണം (പ്രവൃ. 2:42). ആത്മാവിനാൽ അവരാണ് വചനം നൽകിയിരിക്കുന്നത് (എഫെ. 3:5). എല്ലാവരും ഉപദേഷ്ടാക്കന്മാരാകുവാനും ദൈവം പ്രതീക്ഷിക്കുന്നില്ല (യാക്കോ. 3:1). ഒരാൾ ഉപദേശിക്കുന്നതിനു മുൻപ് അതിനായി ഒരുങ്ങണം (എബ്രാ. 5:12).

ക്രിസ്തുവിനു വേണ്ടി എന്തു ചെയ്യുവാൻ കഴിയുമെന്നോർത്ത് അത് ഉൽസാഹത്തോടെ ചെയ്യുവാൻ പൗലൊസ് റോമയിലുള്ളവരോട് അപേക്ഷിച്ചു.

> ആകയാൽ നമുക്ക് ലഭിച്ച കൃപക്കൊത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ട്, പ്രവചനം എങ്കിൽ വിശ്വാസത്തിന്നു ഒത്തവണ്ണം, ശുശ്രൂഷ എങ്കിൽ, ശുശ്രൂഷയിൽ, ഉപദേശിക്കുന്നവൻ ഉപദേശത്തിൽ, പ്രബോധിപ്പിക്കുന്നവൻ എങ്കിൽ, പ്രബോധനത്തിൽ, ദാനം ചെയ്യുന്നവൻ ഏകാഗ്രതയോടെ, ഭരിക്കുന്നവൻ ഉൽസാഹത്തോടെ, കരുണ ചെയ്യുന്നവൻ പ്രസന്നതയോടെ ആകട്ടെ (റോമർ 12:6-8).

നാം നമ്മുടെ സേവന സാധ്യത കണ്ടെത്തുകയും അത് കഴിവിന്റെ പരമാവധി നിവർത്തിക്കയും ചെയ്യുക. പൗലൊസ് എഴുതി, "സഹോദരപ്രീതിയിൽ സ്ഥായി പൂണ്ട്, ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ. ഉൽസാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ" (റോമർ 12:10, 11).

അർഹിപ്പൊസിന്റെ വെല്ലുവിളി അവൻ വ്യക്തിപരമായി എടുക്കണമായിരുന്നു: "കർത്താവിൽ ലഭിച്ച ശുശ്രൂഷ നിവർത്തിപ്പാൻ നോക്കേണം" (കൊലൊ. 4:17). എല്ലാ ക്രിസ്ത്യാനികളും ശ്രദ്ധയോടെ കരുതേണ്ട ഒരു പ്രബോധനമാണ് അത്.

ചുരുക്കത്തിൽ, ക്രിസ്തുവിന്റെ ശരീരത്തിലായവർക്കു വേണ്ടി നാം കരുതലും താൽപര്യവുമുള്ളവരായിരിക്കണം. പൗലൊസ് നിർദ്ദേശിച്ചത് ക്രിസ്തുവിന്റെ അധികാരത്താലായിരുന്നു, അതുകൊണ്ട് അതിൽ കർത്താവിന്റെ കൽപനകളാണുള്ളത് എന്ന ആദരവിൽ വേണം പരിഗണിക്കുവാൻ. ഒരേ പ്രതലത്തിൽ തന്നെ സേവിക്കുവാനല്ല നാം ആഗ്രഹിക്കേണ്ടത്, പിന്നെയോ, നമുക്ക് ഏതു മേഖലയിലാണ് പ്രവർത്തിക്കുവാൻ കഴിയുക എന്നു കണ്ടെത്തി

അതിൽ ഉൽസാഹത്തോടെ അവനെ സേവിക്കണം.

---

കുറിപ്പുകൾ

[1]ഡേവിഡ് എം. ഹേ, *കൊലൊഷ്യൻസ്, അബിങ്ഡൺ ന്യു ടെസ്റ്റമെന്റ് കമ്ന്റ റീസ്* (നാഷ്വിലേ: അബിങ്ഡൺ പ്രസ്, 2000), 156. [2]മത്താ. 10:13, 14, 41; മർ. 6:10, 11; ലൂക്കൊ. 9:4, 5; 10:8; എബ്രാ. 11:31. [3]1 കൊ. 6:9, 10; 15:50; ഗലാ. 5:21; എഫെ. 5:5; 1 തെസ്സ. 2:12 നോക്കുക. [4]നോക്കുക, ലൂക്കൊ. 13:24; യോഹ. 18:36; 1 കൊ. 9:25; കൊലൊ. 1:29; 1 തിമൊ. 6:12; 2 തിമൊ. 4:7. [5]നോക്കുക, റോമർ 5:2; 11:20; 14:4; 1 കൊ. 7:37; 10:12; 15:1; 2 കൊ. 1:24; എഫെ. 6:11, 13, 14. [6]റോമ. 16:5, 8, 9, 12; എഫെ. 6:21; കൊലൊ. 1:7; 4:7, 9; 2 തിമൊ. 1:2; ഫിലെ. 1, 2, 16. [7]പ്രവൃ. 16:10–17; 20:5–15; 21:1–18; 27:1–8, 15–20, 27–29, 37; 28:1, 2, 10–16. [8]യുസേബിയസ് *ചർച്ച് ഹിസ്റ്ററി* 3.4; ജെരോം *ഓൺ ഇല്ലസ്ട്രിയസ് മെൻ* 3.7. [9]ആർ ടി. എ. മർഫി, "ലൂക്ക്, ഇവാഞ്ചെലിസ്റ്റ്, സെന്റ്.," ഇൻ *ന്യു കാത്തലിക് എൻസൈക്ലോപീഡിയ*, റെവ., എഡി. തോമസ് കാർസൺ ആന്റ് ജോയാൻസെരിടോ (ന്യയോർക്ക്.: തോമസ് ഗെയിൽ, 2003), 8:856. [10]ജെരോം ഓൺ *ഇല്ലസ്ട്രിയസ് മെൻ*, 5.

[11]ഏ. എഫ്. വാൾസ്, "അപ്പൊക്രിഫൽ എപ്പിസ്റ്റിൽസ്," *ഇൻ ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റെവ. എഡി., ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1979), 1:180. [12]മാർസിയോൻ, നാലാം നൂറ്റാണ്ട് വരെ നിലനിന്ന ദ ഫൗണ്ടർ ഓഫ് ക്രിസ്റ്റ്യൻ നോസ്റ്റിക് വിഭാഗം, ഏ. ഡി. 144 ൽ സഭയിൽനിന്നു പുറത്താക്കുകയും ചെയ്തു. പുതിയനിയമ കാനോനിൽ അവൻ തള്ളിക്കളഞ്ഞ പുതിയനിയമത്തിലെ മൂന്നു സുവിശേഷ ഭാഗങ്ങളെ സഭ നിർവ്വചിച്ചു പ്രോൽസാഹിപ്പിക്കുവാൻ അയാൾ ആവശ്യപ്പെട്ടിരുന്നു. [13]ഹെർബർട്ട് എം. കാർസൺ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ ടു ദ കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി, ദ ടിൻഡേൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1960), 101–2. [14]ഡി. ഈ. ഹൈബെർട്ട്, "അർഹിപ്പൊസ്," *ഇൻ ദ സോണ്ടർവാൻ പിക്ചോറിയൽ എൻസൈക്ലോപീഡിയ ഓഫ് ദ ബൈബിൾ*, എഡി. മെറിൽ. സി. ടെനി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് കമ്പനി., 1975), 1:287. [15]എഡ്വേർഡ് ലോഹ്സ്, *കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*, ട്രാൻസ്. വില്യം ആർ. പോൾമാൻ ആന്റ് റോബർട്ട് ജെ. കാരിസ്, ഹെർമെനിയ (ഫിലദെൽഫിയ: ഫോർട്രെസ് പ്രസ്, 1971), 175, എൻ. 50. [16]റോമ. 1:7; 16:20, 24; 1 കൊ. 1:2; 16:23; 2 കൊ. 1:2; 13:14; ഗലാ. 1:3; 6:18; എഫെ. 1:2; 6:24; ഫിലി. 1:2; 4:23; കൊലൊ. 1:2; 4:18; 1 തെസ്സ. 1:1; 5:28; 2 തെസ്സ. 1:2; 3:18; 1 തിമൊ. 1:2; 6:21; 2 തിമൊ. 1:2; 4:22; തിത്തൊ. 1:4; 3:15; ഫിലെ. 3, 25.

## ബർന്നബാസ്, മർക്കൊസിന്റെ മച്ചുനൻ (4:10)

കുപ്രോസുകാരനും ലേവ്യനുമായിരുന്ന യോസേഫിനെ അപ്പൊസ്തലന്മാർ ബർന്നബാസ് എന്നു പേർ വിളിച്ചു" (പ്രവൃ. 4:36). ആ പേരിന്റെ അർത്ഥം "പ്രോൽസാഹന പുത്രൻ," അല്ലെങ്കിൽ "പ്രബോധന പുത്രൻ എന്നാണ് (എൻഇൗബി). സാധുക്കളെ സഹായിക്കുവാൻ വസ്തു വിറ്റ് പണം അപ്പൊസ്തലന്മാരുടെ കാൽക്കൽ വെച്ച ഒരു ധർമ്മോപകാരിയായിട്ടാണ് ആദ്യം നാം ബർന്നബാസിനെ കാണുന്നത്. പൗലൊസിനു വേണ്ടി അപ്പൊസ്തലന്മാർക്ക് പൗലൊസിനെ അവൻ ക്രിസ്ത്യാനികളെ ഉപദ്രവിച്ചതിനാൽ, ഉണ്ടായിരുന്ന സംശയം ദൂരീകരിച്ചത് അവനായിരുന്നു (പ്രവൃ. 9:27). അവൻ ജാതികളുടെ പട്ടണമായ സുറിയയിൽ പ്രവർത്തിച്ചത് കേട്ട അപ്പൊസ്തലന്മാർ ബർന്നബാസിനെ അന്ത്യോക്യയിലേക്ക് അയച്ച് അവരെ സഹായിക്കുവാൻ ആവശ്യപ്പെട്ടു (പ്രവൃ. 11:19–23), "കാരണം അവൻ പരിശുദ്ധാത്മ നിറവും വിശ്വാസവുമുള്ള നല്ല മനുഷ്യനായിരുന്നു" (പ്രവൃ. 11:24). പ്രവർത്തനം അവലോകനം നടത്തിയ ശേഷം, അവൻ അന്ത്യോക്യ സഭയിൽ പൗലൊസിന്റെ സേവനം ആവശ്യമായി വന്നപ്പോൾ അവൻ അന്ത്യോക്യയിലേക്ക് പോയി, അവിടെ അവൻ ഒരുവർഷം അവനോടൊപ്പം താമസിച്ചു (പ്രവൃ. 11:25, 26).

പൗലൊസിനോടുകൂടെ മർക്കൊസിനേയും ബർന്നബാസിനെയുംപൗലൊസിന്റെ ഒന്നാമത്തെ മിഷ്ണറി യാത്രയിൽ ചേർന്നിരുന്നു. അവർ കുപ്രൊസ് ദ്വീപിലേക്കു പോയി (പ്രവൃ. 13:1–4), അവിടെനിന്നു പൗലൊസ് പാഫോസിലേക്ക് പോകുവാനൊരുങ്ങുകയായിരുന്നു എന്നു തോന്നുന്നു (പ്രവൃ. 13:13). അവർ പംഫുല്യയിലെ പെർഗ വഴിയായിരുന്നു യാത്ര ചെയ്തത്, അവിടെ വെച്ച് മർക്കൊസ് പിരിഞ്ഞു പോകയും, അവൻ പിസിദ്യ്യയിലെ അന്ത്യോക്യ, ഇക്കോന്യ, ലുസ്ത്ര, ദെർബാ എന്നീ പ്രദേശങ്ങളിലേക്ക് പോകയും ചെയ്തു (പ്രവൃ. 13:13–14:20). ലുസ്ത്രയിലെ ആളുകൾ ബർന്നബാസിനെ ഇന്ദ്രൻ എന്നു വിളിച്ചു (പ്രവൃ. 14:12), അത് ഗ്രീക്കുകാരുടെ മുഖ്യ ദേവനായിരുന്നു, അവൻ കാണുവാൻ സുമുഖനായിരുന്നു എന്നാണ് അത് തെളിയിക്കുന്നത്. മടക്ക യാത്രയിൽപൗലൊസും ബർന്നബാസും ഇടവകകളിലെ മൂപ്പന്മാരെ സന്ദർശിക്കുകയുണ്ടായി (പ്രവൃ. 14:23).

അവർ സിറിയയിലെ അന്ത്യോക്യയിൽ എത്തിയപ്പോൾ, പൗലൊസും ബർന്നബാസും ഒരു എതിർപ്പ് നേരിട്ട കാരണം ജാതികളായവരെ പരിച്ഛേദന കഴിക്കേണ്ട ആവശ്യം, മോശെയുടെ ന്യായപ്രമാണം അനുസരിക്കേണ്ട ആവശ്യം അവർക്ക് ഇല്ലായിരുന്നു (പ്രവൃ. 15:1). ആ പ്രശ്നം യെരുശലേമിൽ വെച്ച് പരിഹരിച്ചശേഷം അവർ അന്ത്യോക്യയിലേക്ക് തിരിച്ച് പോയി (പ്രവൃ. 15:30).

ആദ്യ മിഷ്ണറി യാത്രയിൽ സ്ഥാപിച്ചതായ സഭകളെ വീണ്ടും സന്ദർശിക്കുവാനും രണ്ടാമത്തെ ദൗത്യത്തിനും പൗലൊസ് തയ്യാറായി. മർക്കൊസിനെ തന്നോടുകൂടെ കൂട്ടുവാൻ അവന് മനസില്ലായിരുന്നു കാരണം അവൻ ആദ്യം പെർഗയിൽ വെച്ച് തിരിച്ചുപോയിരുന്നു (പ്രവൃ. 15:36–39). ചൂടേറിയ വാദത്തിനുശേഷം, രണ്ടുകൂട്ടരും രണ്ട് വഴിക്കായി പോയി. ബർന്നബാസ് തന്റെ മച്ചുനനായ മർക്കൊസിനെ കൂട്ടി, കുപ്രോസിലേക്ക് പോയി (പ്രവൃ. 15:38), എന്നാൽ പൗലൊസ് ശിലാസിനെ കൂട്ടി അന്ത്യോക്യ വിട്ട് തന്റെ രണ്ടാമത്തെ മിഷ്ണറി യാത്രക്കായി പോയി (പ്രവൃ. 15:40).

പൗലൊസും ബർന്നബാസും വീണ്ടും യോജിച്ചതിനെ കുറിച്ച് ബൈബിൾ

വ്യക്തമായി പറയുന്നില്ല. പൗലൊസ് അവനെ കുറിച്ച് കൊലൊസ്യലേഖന ത്തിലും കൊരിന്ത്യലേഖനത്തിലും പറയുന്നതിനാൽ (1 കൊ. 9:6) ബർന്നബാ സിനെതിരെ അവന് വെറുപ്പോ വിദ്വേഷമോ ഇല്ല എന്നു തോന്നുന്നു. എഴുപ തു പേരിൽ ഒരാളായിരുന്നു അവൻ എന്നും (ലൂക്കൊ. 10:1) കുപ്രൊസിൽ വെച്ച് രക്ത സാക്ഷിയായെന്നുമാണ് പാരമ്പര്യം പറയുന്നത്.

## "...നമുക്ക് എങ്ങനെ ക്രിസ്തുവിൽ ആകുവാൻ കഴിയും"?

ക്രിസ്തുവിൽ ആകുന്ന ഒരാൾക്ക് അവനിലുള്ള സകല ആത്മികാനുഗ്ര ഹങ്ങളും ലഭിക്കും. അത് സത്യം ആകയാൽ, രണ്ട് പ്രധാന ചോദ്യങ്ങൾക്ക് ഉത്തരം ആവശ്യമാണ്. "ഒരാൾ എങ്ങനെ ക്രിസ്തുവിൽ പ്രവേശിക്കും?" എന്നതാണ് ഒന്നാമത്തെ ചോദ്യം. പൗലൊസിന്റെ ഉത്തരം "ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം അവന്റെ മരണത്തിൽ പങ്കാളികളാകു വാൻ സ്നാനം ഏറ്റിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ?" (റോമർ 6:3); "ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാത്യർ 3:27). സ്നാനമേൽക്കുന്നവർ ആദ്യം സുവിശേഷം കേൾക്കുകയും (യോഹന്നാൻ 6:45) വിശ്വസിക്കുകയും (മർക്കൊസ് 16:15, 16), മാനസാന്തരപ്പെടുകയും (പ്രവൃത്തികൾ 2:38), യേശു വിനെ കർത്താവ് എന്നു ഏറ്റുപറയുകയും വേണം (പ്രവൃത്തികൾ 8:37; റോമർ 10:9, 10). രണ്ടാമത്തെ ചോദ്യം എന്തെന്നാൽ, "സ്നാനം ഏറ്റ ഒരാൾക്ക് അയാൾ ക്രിസ്തുവിലായി തീർന്നു എന്നു എങ്ങനെ അറിയാം?" അതിനുള്ള ഉത്തരം യോഹന്നാന്റെ എഴുത്തുകളിൽ ഉണ്ട്. "എന്നാൽ ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ ദൈവസ്നേഹം അവനിൽ വാസ്തവമായി തികഞ്ഞി രിക്കുന്നു. നാം അവനിൽ ഇരിക്കുന്നു എന്ന് ഇതിനാൽ നമുക്ക് അറിയാം" (1 യോഹന്നാൻ 2:5). "അവന്റെ കൽപനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്ന് അവൻ നമുക്ക് തന്ന പരിശുദ്ധാത്മാവിനാൽ നാം അറിയുന്നു" (1 യോഹന്നാൻ 3:24).

ഈ ജീവിതത്തിൽ ലഭിക്കാവുന്ന ഏറ്റവും വലിയ ബന്ധമാണ് ക്രിസ്തു വിൽ ആകുക എന്നതും അവനിൽ വസിക്കുക എന്നതും. ഈ ആത്മിയ ബന്ധവുമായി താരതമ്യം ചെയ്യുമ്പോൾ മറ്റെല്ലാ ബന്ധങ്ങളും മങ്ങിപ്പോകും. ക്രിസ്തുവിൽ വസിക്കുന്ന ആൾ അധികം ഫലം കായ്ക്കും (യോഹന്നാൻ 15:5). ഫലം കായ്ക്കാത്ത ക്രിസ്ത്യാനി തള്ളപ്പെടും, യേശുവിൽ വസിക്കാ ത്തവനെ തീയിലേക്ക് തള്ളിക്കളയും (യോഹന്നാൻ 15:2, 6). അങ്ങനെ സംഭ വിക്കുമ്പോൾ, ക്രിസ്തുവിലുള്ള നിത്യജീവനാണ് അയാൾ നഷ്ടമാക്കുന്നത് എന്നോർക്കുക (1 യോഹന്നാൻ 5:11).